# ഇസ്‌ലാമിക പ്രബോധനത്തിന്റെ ഗൃഹപാഠം




**സയ്യിദ് ജലാലുദ്ദീൻ ഉമരി**

വിവ: ഇബ്റാഹീം ശംനാട്

# ഇസ്‌ലാമിക പ്രബോധനത്തിന്റെ ഗൃഹപാഠം

**സയ്യിദ് ജലാലുദ്ദീൻ ഉമരി**

വിവ: ഇബ്‌റാഹീം ശംനാട്

# സയ്യിദ് ജലാലുദ്ദീൻ ഉമരി

പ്രശസ്ത ഇസ്‌ലാമിക പണ്ഡിതനും ജമാഅത്തെ ഇസ്‌ലാമി നേതാവുമായിരുന്നു. സിന്ദഗി നൗ പത്രത്തിന്റെ എഡിറ്ററായി 5 വർഷവും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അലിഗഢിലെ ഇദാറെ തഹ്ഖീഖ് ഓ തൻസീഫെ ഇസ്‌ലാമിയുടെ പ്രസിഡന്റായിരുന്നു.

തമിഴ്നാട്ടിലെ ആർക്കോട് പുട്ട ഗ്രാമത്തിൽ സയ്യിദ് ഹുസൈൻ -സൈനബ് ബീ ദമ്പതികളുടെ മകനായി 1935ൽ ജനനം. ഉമറാബാദിലെ ജാമിഅ ദാറുസ്സലാമിൽനിന്ന് മതപഠനത്തിൽ ഉന്നത ബിരുദം. മദ്രാസ് സർവകലാശാലയിൽനിന്നു പേർഷ്യനിലും അലീഗഢ് മുസ്‌ലിം സർവകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദവും കരസ്ഥമാക്കി. ഇസ്‌ലാമിക വിഷയങ്ങളിൽ അഗാധ പണ്ഡിതനായിരുന്ന മൗലാന ഉമരി ഇസ്‌ലാമിക വിദ്യാഭ്യാസ മേഖലയിൽ സജീവമായി ഇടപെട്ടു. 1956ൽ ജമാഅത്തെ ഇസ്‌ലാമി അംഗമായി. 1990 മുതൽ 2007 വരെ അസി.അമീർ സ്ഥാനം വഹിച്ചു. 2007ൽ അഖിലേന്ത്യ അധ്യക്ഷ സ്ഥാനത്തെത്തിയ അദ്ദേഹം 2019 വരെ തൽസ്ഥാനത്ത് തുടർന്നു. അഖിലേന്ത്യ മുസ്‌ലിം വ്യക്തിനിയമ ബോർഡ് വൈസ്പ്രസിഡന്റും മുസ്‌ലിം മജ്‌ലിസെ മുശാവറ സ്ഥാപകാംഗമായിരുന്നു. സിന്ദഗി നൗ മാസികയുടെയും തഹ്ഖീഖാതെ ഇസ്‌ലാമി ഗവേഷണ മാഗസിന്റെയും എഡിറ്ററുമായിരുന്നു. ഉർദു ഭാഷയിൽ 30 ലേറെ ഗ്രന്ഥങ്ങൾ രചിച്ചു. അലിഗഢിലെ ഇദാറെ തഹ്ഖീഖ് ഓ തൻസീഫേ ഇസ്‌ലാമി ചെയർമാൻ. 25 വർഷമായി തഹ്ഖീഖാതെ ഇസ്‌ലാമി എന്ന ഉറുദുമാസികയുടെ പത്രാധിപരായി പ്രവർത്തുച്ചിട്ടുണ്ട്. 2022 ആഗസ്ത് 26ന് മരണപ്പെട്ടു.



## ഇബ്‌റാഹീം ശംനാട്

പത്രപ്രവർത്തകനും എഴുത്തുകാരനും. 1960 ൽ കാസർകോഡ് ജില്ലയിൽ ചെംനാട് ജനിച്ചു. പിതാവ് സി.എച്ച്. അബ്ദുല്ല ഹാജി. മാതാവ് ബി.എം.ഖദീജബി. പ്രാഥമിക വിദ്യാഭ്യാസാനന്തരം ശാന്തപുരം അൽ ജാമിഅ, ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയ കോളേജ് എന്നിവിടങ്ങളിൽ തുടർ പഠനം. അറബി, ഇസ്‌ലാമിക് പഠനത്തിലും സാമ്പത്തിക ശാസ്ത്രത്തിലും ബിരുദം. ഇഗ്നൊയിൽനിന്ന് പി.ജി. ഡിപ്ലോമ ഇൻ ജേർണലിസം.

പ്രവാചകനും കുട്ടികളുടെ ലോകവും, വധശിക്ഷ, എന്ത്കൊണ്ട് ഇസ്‌ലാം, സന്തോഷം ലഭിക്കാൻ മുപ്പത് മാർഗങ്ങൾ എന്നിവ വിവർത്തന കൃതികൾ. പ്രവാസികളുടെ മാർഗദർശി എന്ന സ്വതന്ത്ര രചനയും പ്രസിദ്ധീകൃതമായി.

# ഇസ്‌ലാമികപ്രബോധനത്തിന്റെ ഗൃഹപാഠം

**അ**ല്ലാഹു നൽകിയ ജീവിത വ്യവസ്ഥയോടൊപ്പം അഥവാ ദീനിനോടൊപ്പം മനുഷ്യസമൂഹത്തിന്റെ ഭാവി ഭാഗധേയം നിർണയിക്കുന്നതിനായി എക്കാലത്തേക്കുമായുള്ള കൽപന കൂടി നൽകപെട്ടിട്ടുണ്ട്. ആ കൽപനയിലൂടെ മനുഷ്യന്റെ മുമ്പിൽ രണ്ട് മാർഗങ്ങൾ തുറന്നിരിക്കുകയാണ്: ഒന്നുകിൽ ഈ ജീവിത വ്യവസ്ഥ പിന്തുടർന്ന് ഒരാൾക്ക് ഇഹപര വിജയം കൈവരിക്കാം. അല്ലെങ്കിൽ തിരസ്കരിച്ചു പിന്നീടൊരിക്കലും വിജയം സാധ്യമാകാത്തവിധം അധോഗതിയിലേക്ക്, നിത്യനരകത്തിലേക്ക് ആപതിക്കാം.

കഴിഞ്ഞ കാലത്ത് മാത്രമല്ല, നാം ജീവിക്കുന്ന വർത്തമാന കാലത്തും ഭാവിയിലും മനുഷ്യന്റെ വിജയം ദൈവിക വ്യവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യൻ ഭൂമിയിൽ ആഗതനായതിന് ശേഷം ഈ നിയമത്തിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല. മാറ്റം ഉണ്ടാവുക സാധ്യവുമല്ല. ഈ ജീവിത വ്യവസ്ഥക്ക് നേരെ മനുഷ്യൻ എപ്പോഴെല്ലാം കലാപക്കൊടി ഉയർത്തിയിട്ടുണ്ടൊ അപ്പോഴെല്ലാം അവൻ പരാജയത്തിലായിരുന്നു. അക്കാരണത്താൽ തന്നെയാണ് ഇപ്പോഴും മനുഷ്യൻ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഭൗതിക വിഭവങ്ങളിലൂടെയും ആഢംബര ജീവിത രീതിയിലൂടെയും മനുഷ്യൻ ഊറ്റം കൊള്ളുകയാണ്. അല്ലാഹു അവനെ ഒന്നും പഠിപ്പിക്കേണ്ടതില്ലാത്തവിധമാണ് അവന്റെ നടപ്പ്. ദൈവത്തിൽനിന്നുള്ള നിർദ്ദേ

ശങ്ങളും ജീവത വ്യവസ്ഥയും ആവശ്യമില്ലെന്നാണ് മനുഷ്യന്റെ വിചാരം. ഈ വിചാരം പുതിയ ചിന്താഗതിയൊന്നുമല്ല. ലോകത്തിലെ പല രാജ്യങ്ങളും പുരോഗതിയെകുറിച്ചും സമ്പദ്സമൃദ്ധിയെകുറിച്ചും മിഥ്യാഭിമാനത്തിലാണ് നിലകൊള്ളുന്നത്. ഇത് പക്ഷെ അവരുടെ മൂഢ വിചാരമാണെന്ന് അവർ മനസ്സിലാക്കുന്നില്ല.

യഥാർത്ഥത്തിൽ ദൈവിക മർഗ്ഗദർശനം നിരാകരിക്കുന്ന വ്യക്തി, ശരിയായ പാതയാണ് ഉപേക്ഷിച്ചിരിക്കുന്നത്. ആപൽകരമായ അന്ത്യത്തിലേക്കാണ് അയാളുടെ കുതിപ്പ്. ആസന്നമായ വിപത്തിൽനിന്ന് അയാളെ രക്ഷപ്പെടുത്താൻ അയാളുടെ കൈവശമുള്ള ഭൗതിക വിഭവങ്ങൾക്ക് ഒരിക്കലും സാധ്യമല്ല. ദൈവിക മാർഗ്ഗദർശനത്തിന്റെ പ്രകാശത്തിലൂടെ മാത്രമെ മനുഷ്യ വർഗ്ഗത്തിന്റെ കപ്പൽ അതിന്റെ ലക്ഷ്യ സ്ഥാനത്തെത്തുകയുള്ളൂ. അത്തരമൊരു മാർഗ്ഗദർശനത്തിന്റെ അഭാവത്തിൽ കപ്പൽ തീർച്ചയായും മുങ്ങി നശിക്കുക തന്നെ ചെയ്യും.

**ദൈവിക ജീവിത വ്യവസ്ഥ**

ദിവ്യബോധനത്തിലൂടെ ദൈവം നൽകിയ ജീവിത വ്യവസ്ഥ എല്ലായിപ്പോഴും ഒന്ന് തന്നെയായിരുന്നു. അതാണ് ഇസ്‌ലാം. എല്ലാ കാലഘട്ടത്തിലും അല്ലാഹുവിന്റെ പ്രവാചകന്മാരെന്നോ ദൂതന്മാരെന്നോ വിളിക്കുന്നവർക്ക് ദിവ്യവെളിപാടായി നൽകിയ അതെ മതം. ആ മതം തന്നെയാണ് മുഹമ്മദ് നബി (സ) ക്കും ദിവ്യബോധനമായി നൽകിയിട്ടുള്ളത്. ആ മതം പരിപൂർണ്ണമായി സംരക്ഷിക്കപ്പെട്ടതിനാൽ, പ്രവാചകന്മാരുടെ ആഗമന പരമ്പര അവസാനിക്കുകയും ചെയ്തിരിക്കുന്നു.

**എന്താണ് ഇസ്‌ലാം?**

ദീൻ എന്നാൽ എന്താണ്? അത് ദർശനവും ആചാരവുമാണ്; വിശ്വാസവും ആരാധനയുമാണ്. പെരുമാറ്റ രീതി പോലെ തന്നെ നിയമ സംഹിതയുമാണത്. അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധം സ്ഥാപിക്കുകയും മനുഷ്യർ തമ്മിലുള്ള ബന്ധത്തിലെ വിള്ളലുകൾ ഇല്ലാതാക്കുകയും ചെയ്യുന്നു ദീൻ. അത് വ്യക്തിയെ ശുദ്ധീകരിക്കുകയും സമൂഹത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. അത് ആത്മസംസ്കരണവും ആദർശ സാക്ഷാത്കാരത്തിനുള്ള നിരന്തര സമരവുമാണ്. ഇസ്‌ലാമിക മൂല്യങ്ങൾ പിച്ചിചീന്തുന്ന എല്ലാ ദുശ്ശക്തികൾക്കെതിരായ പോരാട്ടമാണത്.

ഇസ്‌ലാം നമ്മെ ആത്മവിശുദ്ധിയിലേക്ക് നയിക്കുന്നതോടൊപ്പം ഭൗതിക നേട്ടങ്ങളുടെ പാരമ്യതയിലേക്കും എത്തിക്കുന്നു. അത് നമ്മുടെ വികാര വിചാരങ്ങളെയും ചിന്തകളെയും സംരക്ഷിക്കുന്നതോടൊപ്പം മനുഷ്യന്റെ മുഴുവൻ ജീവിത വ്യവഹാരങ്ങളിലും ശ്രദ്ധ ചെലുത്തുന്നു. ഇസ്‌ലാം മനുഷ്യാത്മാവിനെ അല്ലാഹുവിന്റെ സന്നിധാനത്തിൽ സാഷ്ടാംഗ

www.islamonlive.in

പ്രണാമത്തിലേക്കും ശാരീരികമായി അവന് കീഴ്‌വണങ്ങാനും പ്രേരിപ്പിക്കുന്നു. അത് ഓരോരുത്തരുടെയും അവകാശത്തെ കുറിച്ച് ബോധവന്മാരാക്കിയതു പോലെ ഉത്തരവാദിത്തെത്തെക്കുറിച്ചും ഉണർത്തുകയുണ്ടായി. അങ്ങനെ മതം സ്ത്രീക്കും പുരുഷനും യുവാക്കൾക്കും വൃദ്ധന്മാർക്കും അടിമക്കും ഉടമക്കും പാവപ്പെട്ടവനും പണക്കാരനും എല്ലാം തുല്യമാണ്.

വ്യക്തിയിലും സമൂഹത്തിലും അല്ലാഹുവിന്റെ പരമാധികാരം സ്ഥാപിക്കുന്നു ഇസ്‌ലാം. വ്യക്തികൾക്കത് സംശുദ്ധമായ ജീവിതം സമ്മാനിക്കുമ്പോൾ രാഷ്ട്രത്തിന് അത് പുരോഗതി ഉറപ്പ് വരുത്തുന്നു. അതത്രെ അല്ലാഹുവിന്റെ പവിത്രമായ ദീൻ. ഇഹപര ക്ഷേമമാണ് അതിന്റെ ആകത്തുക. ഇരുലോക നന്മക്കായുള്ള അവരുടെ പ്രാർത്ഥന ഇങ്ങനെയാണ്....... ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ഈ ലോകത്ത് നന്മ നൽകേണമേ, പരലോകത്തും നന്മ നൽകേണമേ, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ! ( ബഖറ: 201 )

**വിശ്വാസ പ്രമാണങ്ങൾ**

ആദർശത്തിന്റെ ശക്തിയിലാണ് ഏതൊരു വ്യവസ്ഥയും നിലകൊള്ളുന്നത്. ആദർശത്തിന്റെ അടിസ്ഥാനങ്ങൾ ദുർബലമാവുമ്പോൾ വ്യവസ്ഥ മുഴുവൻ തകർന്നടിയുന്നു. ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ ഉറവിടം അതിന്റെ ആദർശ അടിസ്ഥാനങ്ങളിലാണ്. അതിൽനിന്നുള്ള വിശദാംശങ്ങളിലൂടെ സമഗ്രമായ ജീവിത വ്യവസ്ഥ രൂപപ്പെടുന്നു. അടിസ്ഥാന സിദ്ധാന്തങ്ങളുടെ അഭാവത്തിൽ ഈ വിശദാംശങ്ങൾക്ക് പ്രസക്തിയില്ലെന്ന് മാത്രമല്ല വ്യവസ്ഥ തന്നെയും ജീവനില്ലാത്ത, കേവലം അസ്ഥിപഞ്ജരമായി പരിണമിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിക തത്വങ്ങൾ ചില അതിഭൗതിക ജ്ഞാനത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നത് വാസ്തവമാണ്. പ്രപഞ്ച പ്രതിഭാസത്തെ കുറിച്ച മനുഷ്യന്റെ അന്ധാളിപ്പ്, മനുഷ്യന്റെ വ്യക്തിത്വം, അവന്റെ ഉത്ഭവവും ഭാവിയും, അവന് നൽകിയിട്ടുള്ള ശരിയായ പാന്ഥാവ്, അവൻറെ ജീവിത ലക്ഷ്യം തുടങ്ങിയവയെ സംബന്ധിച്ച ഏറ്റവും കൃത്യമായ ഉത്തരം നൽകുന്നത് ഇസ്‌ലാമിന്റെ ഈ വിശ്വാസ പ്രമാണങ്ങളാണ്.

ഇവ സ്വീകരിക്കുന്നതിലൂടെ ഈ പ്രപഞ്ചം ഒരേ ഒരു ദൈവത്തിന് മാത്രം അവകാശപ്പെട്ടതാണെന്ന് അയാൾ അംഗീകരിക്കുന്നു. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അവന് കീഴ്‌വണങ്ങി ജീവിക്കാനാണ്. പ്രവാചകന്മാരെ നിയോഗിച്ചതാകട്ടെ അവർക്ക് മാർഗ്ഗ ദർശനം നൽകാനും. ദൈവപ്രോക്തമായ മാർഗ്ഗദർശനത്തിലൂടെ മാത്രമെ മനുഷ്യന് ഭക്തിപൂർണമായജീവിതം നയിക്കാനും പരലോകത്ത് അനശ്വരമായ അനുഗ്രഹം ഉറപ്പ് വരുത്താനും സാധിക്കുകയുള്ളൂ. മനുഷ്യൻ ഈ മാർഗ്ഗം സ്വീകരിക്കു

മ്പോൾ അവന്റെ വിഹ്വലതകൾ ഇല്ലാതാവുന്നു. അസ്വസ്ഥതക്ക് തൃപ്തികരമായ പരിഹാരമാവുന്നു. അവന്റെ ജീവിത ലക്ഷ്യം തിരിച്ചറിയുന്നു. ഈ തിരിച്ചറിവിന്റെ അഭാവത്തിൽ മനുഷ്യൻ സമാധാനമില്ലാതെ ഇരുട്ടിൽ തപ്പേണ്ടിവരും.

ഇസ്‌ലാമിന്റെ വിശ്വാസ പ്രമാണങ്ങൾ മനുഷ്യന് വ്യക്തമായ ദിശാബോധം നൽകുന്നു. അത് അവനെ ഏകനായ അല്ലാഹുവിന്റെ അടിമയാക്കുകയും ഭൂമിയിലെ ഏറ്റവും ഉത്തരവാദിത്തപൂർണ്ണനായ വ്യക്തിയാക്കി മാറ്റുകയും ചെയ്യുന്നു. സന്ദേഹവാദം, വിഗ്രഹാരാധന, നാസ്തിക ചിന്താഗതി, അജ്ഞേയവാദം, മിഥ്യകൾ തുടങ്ങിയ എല്ലാ ദുഷ്ചിന്തകളുടെയും പിടിത്തത്തിൽനിന്ന് സംരക്ഷണം നൽകുന്നു. മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചുമുള്ള സമ്പൂർണ നിയമങ്ങളുടെ സാക്ഷാൽകാരമാണ് ഇസ്‌ലാം.

ഒരാൾ ഇസ്‌ലാം സ്വീകരിക്കുന്നതോടെ അയാൾ സ്വമേധയാ അതിന്റെ മുഴുവൻ വ്യവസ്ഥയും അംഗീകരിക്കുകയും അതിന്റെ പരിധികൾക്ക് വിധേയമാവുകയും ചെയ്യുന്നു. ഈ മൂല സിദ്ധാന്തങ്ങൾ സ്വീകരിക്കാതെ ഇസ്‌ലാമിക വ്യവസ്ഥ ഒരാൾക്ക് അംഗീകരിക്കാനോ പൂർണ ശ്രദ്ധയോടെ നടപ്പാക്കാനോ സാധ്യമല്ല.

അല്ലാഹുവിന്റെ ഏകത്വത്തിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഒരാൾക്ക് മാത്രമെ മറ്റ് ദൈവങ്ങളെ ആരാധിക്കാതിരിക്കാൻ സാധിക്കുകയുള്ളൂ. മുഹമ്മദ് നബി (സ) യടെ പ്രവാചകത്വത്തിൽ പൂർണ്ണമായി വിശ്വസിച്ച ഒരാൾക്ക് മാത്രമെ അദ്ദേഹത്തിന്റെ പാത പിന്തുടരാനും അതിൽ ഉറച്ച് നിൽക്കാനും സാധിക്കുകയുള്ളൂ. പരലോകത്ത് ലഭിക്കാനിരിക്കുന്ന പ്രതിഫലത്തെ കുറിച്ച് പൂർണ ബോധ്യമുള്ള ഒരാൾക്ക് മാത്രമെ വിശ്വാസത്തിന്റെ പേരിൽ ഭൗതിക വിഭവങ്ങൾ ത്യജിക്കാനുള്ള ആർജവം ഉണ്ടാവുകയുള്ളൂ. ഈ മൂലതത്വങ്ങൾ മുറുകെ പിടിക്കാതെ ജീവിതത്തിൽ ഒരിക്കലും ശരീഅത്ത് നടപ്പാക്കുക സാധ്യമല്ലെന്നതിന് ചരിത്രം സാക്ഷ്യമാണ്.

നാം ജീവിക്കുന്ന ഈ ലോകവുമായി മാത്രം ബന്ധപ്പെട്ടതല്ല നമ്മുടെ പ്രശ്നങ്ങളെന്നും മറിച്ച് അത് പരലോകവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും മനസ്സിലാക്കേണ്ടതുണ്ട്. അതായത് ഈ തത്ത്വങ്ങളെ ആശ്രയിച്ചാണ് പരലോകത്ത് രക്ഷ ലഭിക്കുക എന്നർത്ഥം. അല്ലാഹുവിലും അവന്റെ പ്രവാചകനിലും പരലോക ജീവിതത്തിലും വിശ്വസിക്കുന്ന ഒരാൾക്ക് മത്രമെ വിജയം വരിക്കാൻ കഴിയുകയുള്ളൂ. ഈ സത്യം അയാൾ കൈയൊഴിയുകയാണെങ്കിലോ അല്ലാഹുവിന്റെ കോപത്തിൽനിന്ന് ഒരാൾക്കും അയാളെ രക്ഷപ്പെടുത്തുക സാധ്യമല്ല.

www.islamonlive.in

**ഇസ്‌ലാമിലെ ആരാധനകൾ**

വിശ്വാസ പ്രമാണങ്ങൾക്ക് ശേഷം ഇസ്‌ലാമിൽ ഏറ്റവും പ്രാധാന്യമുള്ള കാര്യമാണല്ലോ ആരാധനകൾ. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, ദിക്ർ, ദുആ, പാപമോചനം അതെല്ലാം ആരാധനകളുടെ വകഭേദങ്ങളാണ്. മനുഷ്യൻ തന്റെ അസ്തിത്വത്തിന്റെ പല വശങ്ങളിലൂടെയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നു. അല്ലാഹുവുമായുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നതാണ് ഇസ്‌ലാമിലെ ആരാധനകൾ. അങ്ങേയറ്റത്തെ വണക്കവും സമർപ്പണവുമാണ് നമസ്കാരം. നമസ്കാരത്തിലൂടെ മനുഷ്യൻ പരിപൂർണനായ അടിമയായി പരിവർത്തിപ്പിക്കപ്പെടുന്നു. കുമ്പിടുന്നതിലൂടെ അയാൾ അല്ലാഹുവിന്റെ ദിവ്യത്വം പൂർണമായി അംഗീകരിക്കുകയാണ് ചെയ്യുന്നത്.

തന്റെ സമ്പത്ത് അല്ലാഹുവിന്റെ കൽപന പ്രകാരം ചെലവഴിക്കുമെന്നതിന്റെ അടയാളപ്പെടുത്തലാണ് സക്കാത്ത്. തന്റെ ശരീരവും ആത്മാവും അല്ലാഹുവിന് അടിയറവെച്ച് തന്റെ സമ്പത്തും ആരോഗ്യവും സൃഷ്ടാവിന്റെ മുമ്പിൽ സമർപ്പിക്കുകയാണ് വിശ്വാസി ചെയ്യുന്നത്. നമസ്കാരവും സകാത്തും രക്ഷിതാവിനോടുള്ള സ്നേഹത്തിന്റെ പ്രകടനമെന്നത് പോലെ സഹജീവികളോടുള്ള ആർദ്രതയുടെയും ദയാവായ്പിന്റെയും പ്രതീകം കൂടിയാണ്. വ്രതാനുഷ്ഠാനം വിശ്വാസികളിൽ അല്ലാഹുവിനോടുള്ള ഭയവും സന്മാർഗനിഷ്ഠയും സൃഷ്ടിക്കുന്നു. അത് നമ്മെ സഹനത്തിന്റെ പാഠം പഠിപ്പിക്കുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിത സാക്ഷാത്കാരത്തിനുള്ള സമരത്തിന്റെയും ത്യാഗത്തിന്റെയും പേരാണല്ലോ ഹജ്ജ്. ഇത്തരത്തിലുള്ള ആരാധനകളും പ്രർത്ഥനകളുമെല്ലാം അല്ലാഹുവിനും അവന്റെ അടിമക്കും ഇടയിൽ നിലനിൽക്കുന്ന, അല്ലെങ്കിൽ നിലനിൽക്കേണ്ട ബന്ധങ്ങളെയാണ് വെളിപ്പെടുത്തുന്നത്.

ആരാധനകളും പ്രർത്ഥനകളും അതിന്റെ യഥാർത്ഥ ചൈതന്യത്തോടെ നിർവഹിക്കുമ്പോൾ ഭയഭക്തി, സന്മാർഗ നിഷ്ഠ, ദൈവഭയം,ആദരവ്, സമർപ്പണബോധം, ആത്മാർത്ഥത, ദൈവത്തിന് മുമ്പിലെ പ്രണാമം തുടങ്ങിയ എല്ലാ സദ്ഗുണങ്ങളും അയാളിൽ സന്നിവേശിപ്പിക്കപ്പെടുന്നു. തന്റെ എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവിന് പ്രത്യേകമാക്കിയിരിക്കുകയാണ്. അതോടൊപ്പം അയാൾ ദൈവത്തെ ഭയപ്പെടാനും ആരാധിക്കാനും തുടങ്ങുന്നു. അവനെ ആരാധിക്കുവാനും അനുസരിക്കുവാനും അയാൾക്ക് അതിയായ താൽപര്യമാണ് ഉണ്ടാകുന്നത്. അവനെ ധിക്കരിക്കുന്നതോ നന്ദികേട് കാണിക്കുന്നതോ അയാൾക്ക് ആലോചിക്കാൻ പോലും സാധ്യമല്ല.

www.islamreligion

അധർമത്തിനെതിരായ സമരബോധം സത്യവിശ്വാസിയിൽ ആളിപ്പടരുന്നു. ഏത് വിപൽഘട്ടത്തിലും ഉറച്ച് നിൽക്കാനുള്ള ആർജവം അയാൾ കാണിക്കുന്നു. സഹജീവികളെ സഹായിക്കണമെന്നും അവരെ സേവിക്കണമെന്നും അവരോട് ആർദ്രത കാണിക്കണമെന്നുമുള്ള ബോധം അയാളിൽ ശക്തിപ്പെടുകയും അങ്ങനെ ജീവിതം മുഴുവൻ അല്ലാഹുവിന് സമർപ്പിക്കുകയും ചെയ്യുന്നു. ആത്മാർത്ഥമായി ഇതെല്ലാം ചെയ്യുമ്പോൾ അതെല്ലാം യഥാർത്ഥ ആരാധനകളായി മാറുന്നു. ഖുർആൻ പറയുന്നു: പറയുക: നിശ്ചയാമായും എന്റെ നമസ്കാരവും ആരാധനാകർമങ്ങളും ജീവിതവും മരണവുമെല്ലാം പ്രപഞ്ചനാഥനായ അല്ലാഹുവിനുള്ളതാണ്. (അൽ അൻആം: 162 )

**പെരുമാറ്റ രീതി**

വിശ്വാസപ്രമാണങ്ങളും ആരാധനകളും കഴിഞ്ഞാൽ ഇസ്‌ലാം ഏറ്റവും പ്രാധാന്യം നൽകിയ കാര്യമാണ് നമ്മുടെ പെരുമാറ്റ രീതി. ഉന്നത സ്വഭാവ ഗുണങ്ങൾ മനുഷ്യ ബന്ധങ്ങളിൽ ഊഷ്മളതയും സൗന്ദര്യവും സൃഷ്ടിക്കുകയും അത് മനുഷ്യന്റെ നിലനിൽപിന് താങ്ങും തണലുമായി വർത്തിക്കുകയും ചെയ്യുന്നു. പെരുമാറ്റരീതിയാണ് മനുഷ്യ സ്വഭാവം അളക്കാനുള്ള ഏറ്റവും നല്ല മാപിനി. ജീവിത വ്യവഹാരങ്ങളിൽ മനുഷ്യന്റെ നിലപാടുകൾ മനസ്സിലാക്കാനുള്ള സൂചികയാണത്. മറ്റുള്ളവരോടുള്ള സ്നേഹത്തിന്റെ തീവ്രത എത്ര, അവർക്ക് വേണ്ടി എന്തെല്ലാം ത്യാഗം സഹിക്കാൻ സന്നദ്ധനാണ്, അവരുടെ പങ്കപ്പാടുകളെ കുറിച്ച് അയാൾ എത്രത്തോളം മനസ്സിലാക്കുന്നു, അവർക്ക് വേണ്ടി എന്ത് സഹായം നൽകുന്നു തുടങ്ങിയ കാര്യങ്ങൾ അതിൽ പ്രധാനമാണ്. ഉന്നത സ്വഭാവ ഗുണങ്ങളുടെ അഭാവത്തിലാകട്ടെ മനുഷ്യൻ നിശ്ചലമായ യന്ത്രമായി ചുരുങ്ങുകയോ വന്യ മൃഗത്തോളം അധപതിക്കുകയോ ചെയ്യുന്നു.

വിശ്വാസികളുടെ ഗുണഗണങ്ങൾ ഖുർആൻ വിശദീകരിക്കുന്നേടത്തെല്ലാം അവരുടെ സ്വഭാവ ഗുണത്തിനാണ് പരമപ്രാധാന്യം നൽകിയതെന്ന് കാണാം. ഒരു സത്യവിശ്വാസി എന്നാൽ ഉന്നത സ്വഭാവ ഗുണമുള്ളവൻ എന്നല്ലാതെ ഖുർആൻ മനസ്സിലാക്കി തരുന്നില്ല. വിശ്വാസികൾ ആളുകളോട് അനുകമ്പയുള്ളവരും അവരുടെ ഗുണകാംക്ഷികളുമാണ് എന്ന് ഖുർആൻ പറയുന്നു. അവർ വിശ്വസ്തരാണ്, ആത്മാർതഥയുള്ളവരാണ്, സത്യസന്ധരാണ്. അവർ അവരുടെ കരാറുകളും വാഗ്ദാനങ്ങളും പൂർത്തീകരിക്കുന്നു. മ്ലേഛ കാര്യങ്ങളിൽനിന്നും തെറ്റായ ചെയ്തികളിൽ നിന്നും അവർ ഒഴിഞ്ഞു നിൽക്കുകയും പാതിവ്രതം സംരക്ഷിക്കുകയും ചെയ്യുന്നു. മാപ്പ് നൽകുന്ന പ്രകൃതമാണവർക്കുള്ളത്.

ആഢംബരവും ഗർവ്വും അവരെ തൊട്ട് തീണ്ടുകയില്ല. വിനയവും എളി

മയും വിശ്വാസികളുടെ മുഖമുദ്രയത്രെ. അവർ സൗമ്യമായി സംസാരിക്കുന്നവരും ശാന്ത പ്രകൃതരുമാണ്. അജ്ഞത അവർ പ്രകടിപ്പിക്കുകയില്ല. അപരിഷ്കൃതത്വം അവരുടെ സ്വഭാവവുമല്ല. അല്ലാഹു ഏൽപിച്ച ഒരു ഉത്തരവാദിത്തം എന്ന നിലയിലാണ് അവർ സമ്പത്തിനെ കാണുന്നത്. അമിതമായോ തെറ്റായ കാര്യങ്ങൾക്കായോ അവർ സമ്പത്ത് ചെലവഴിക്കുകയില്ല. മറ്റുള്ളവരുടെ അവകാശങ്ങൾ അവർ അംഗീകരിക്കും ക്രൂരതയിൽ നിന്നും അക്രമ പ്രവർത്തനങ്ങളിൽനിന്നും അവർ സ്വയം മുക്തരായിരിക്കും. അവർ നിരപരാധികളുടെ രക്തം ചിന്തുകയോ മറ്റുള്ളവരുടെ സമ്പത്ത് അന്യായമായി കൈയ്യടക്കുകയോ ഇല്ല. വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ല. അവർ അല്ലാഹുവിന്റെ വിനീത ദാസന്മാരാണ്. അല്ലാഹുവിന്റെ മറ്റ് അടിമകളെ ദ്രോഹിക്കാത്ത സച്ചരിതരായ അടിമകൾ.

സർവോപരി ഇസ്‌ലാമിൽ ധാർമിക മൂല്യങ്ങൾക്ക് ഒരിക്കലും മാറ്റം വരുന്ന പ്രശ്നമില്ല. അത് ക്ഷണികമല്ലെന്നു മാത്രമല്ല സനാതന മൂല്യങ്ങളാണവ. സത്യവും സത്യസന്ധതയും എല്ലാവരിലും സ്ഥായിയായി ഉണ്ടാവേണ്ട ഗുണങ്ങളാണ്. സത്യസന്ധത ഇല്ലായ്മ, കൃത്യതയില്ലാത്ത ഇടപാടുകൾ ഇവയെല്ലാം ശക്തമായി അപലപിക്കപ്പെടേണ്ടതുണ്ട്. സത്യസന്ധതയും വിനയവും എന്ത് വില കൊടുത്തും സംരക്ഷിക്കണം. വാഗ്ദാനവും പ്രതിജ്ഞയും പൂർത്തീകരിക്കപ്പെടണം. അധാർമിക പ്രവർത്തനങ്ങൾ ഒരിക്കലും ന്യായീകരിക്കുക സാധ്യമല്ല.

അങ്ങനെ ഇസ്‌ലാം അതിന്റെ എല്ലാ വിശദാംശങ്ങളോടുകൂടി തന്നെ ധാർമികതയുടേയും അധാർമികതയുടേയും പെരുമാറ്റ രീതിയെകുറിച്ച് വ്യക്തമായ ധാരണ നൽകുന്നു. അധാർമികതയെ അത് നിരുൽസാഹപ്പെടുത്തുമ്പോൾ തന്നെ, ധാർമികതയുടെ സംസ്ഥാപനത്തിന് എല്ലാ വിധ പ്രോത്സാഹനവും നൽകുന്നു. ഇതോടൊപ്പം ചേർത്ത് മനസ്സിലാക്കേണ്ട മറ്റൊരു കാര്യമാണ് വിശ്വാസികൾ സത്യത്തിന്റെ പ്രകാശ വാഹകരാണെന്നത്. ഈ ലോകത്ത് ധർമവും നീതിയും സ്ഥാപിച്ചത് അവരാണ്. ഈ മഹത്തായ ദൗത്യ നിർവഹണത്തിന് ഇന്നും ഉന്നതമായ സ്വഭാവ ഗുണങ്ങൾ അനിവാര്യമാണ് . സത്യത്തിന്റെ ധ്വജവാഹകരാണവർ, തിന്മയുടെ ശത്രുക്കളും.

എടുത്തുചാടാതെ, ക്ഷമയോടെ മുസ്‌ലിംങ്ങൾ പ്രയാസങ്ങളെ തരണം ചെയ്യുന്നു. ആത്മവിശ്വാസമുള്ളവരാണവർ. സ്വന്തം കഴിവിൽ അവർക്ക് വശ്വാസമുണ്ട്. ഉറച്ച പാറക്കല്ല് പോലെയാണവർ. അതിനെ കഷ്ണമാക്കാൻ സാധിച്ചെന്നിരിക്കും. പക്ഷെ അതിനെ ഒരിക്കലും നീക്കാൻ കഴിയില്ല. ധൈര്യത്തിന്റെയും നെഞ്ചുറപ്പിന്റെയും മൂർത്തിമദ്ഭാവമാണവർ. അല്ലാ

www.islamonlive.in

ഹുവിനെ കുറിച്ച ഭയം മാത്രമാണ് അവരുടെ ഹൃദയത്തിൽ. തങ്ങളുടെ ലക്ഷ്യ സാക്ഷാത്കാരത്തിനായ് അവർ ജീവൻ പണയം വെച്ചേക്കാം; സമ്പാദ്യവും ബന്ധുമിത്രാതികളേയും ഉറ്റവരേയും ഉടയവരേയും ഉപേക്ഷിച്ചേക്കാം. തൂക്കുമരത്തിന്റെ നിഴലിൽപോലും സത്യസാക്ഷ്യ വചനം എങ്ങനെ ഉച്ചരിക്കണം എന്ന് അവർക്ക് അറിയാം. അവരെ ഒരിക്കലും വിലക്കെടുക്കുക സാധ്യമല്ല. അല്ലാഹുവിന്റെ ദീനിന് വേണ്ടി അവർ ജീവിക്കുന്നു, മരിക്കുന്നു. അവരുടെ സ്നേഹവും ശത്രുതയും അവന്റെ പ്രീതിക്ക് വേണ്ടി മാത്രം.

**ജീവിത വ്യവഹാരങ്ങളോടുള്ള നിലപാട്**

പെരുമാറ്റ രീതികൾക്കും സ്വഭാവ മര്യാദകൾക്കും പുറമെ, മനുഷ്യ ജീവതവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ ഇസ്‌ലാം വ്യക്തമായ ദിശയും നിയമങ്ങളും സമർപ്പിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ പ്രാർഥനകളും ആരാധനകളും മാത്രമല്ല, ജീവതം മുഴുവനും അല്ലാഹുവിന്റെ ദീനിന് പൂർണമായും കീഴ്പ്പെട്ട്കൊണ്ടായിരിക്കണം. മനുഷ്യൻ അല്ലാഹുവിന്റെ അടിമയാണ്. ആ നിലയിൽ അല്ലാഹുവിനെ അവഗണിക്കാനും തന്റെ ഇഛപോലെ ജീവിത ഇടപാടുകൾ നടപ്പാക്കാനും അയാൾക്ക് അവകാശമില്ല. അങ്ങനെ അയാൾ ചെയ്യുകയാണെങ്കിൽ എല്ലാ പരിധികളും ലംഘിച്ചുകൊണ്ടുള്ള കടുത്ത അനീതിയായിരിക്കും അത്. അതിന് ഇഹ ലോകത്തും പരലോകത്തും മറുപടി പറയേണ്ടി വരും. അയാളുടെ അന്ത്യമാകട്ടെ നല്ല നിലയിലായിരിക്കുകയുമില്ല.

അത്കൊണ്ട് സ്വന്തം ജീവിത പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഒരാൾ സ്വയം അല്ലാഹുവിന്റെ സ്ഥാനത്ത് അവരോധിതനാവുകയാണെങ്കിൽ അയാൾ രണ്ട് ആത്യന്തിക നിലപാടുകളിലാണ് ഉൾപ്പെടുന്നത്. അയാൾക്ക് സത്യത്തിന്റെയും നീതിയുടെയും സംരക്ഷണം നഷ്ടപ്പെടുന്നു. അത്തരമൊരു മാറ്റം ഉടലെടുക്കുമ്പോൾ ചിലപ്പോൾ വ്യക്തികൾ മർദിക്കപ്പെടുന്നു. മറ്റു ചിലപ്പോഴാകട്ടെ ചിലർ ചിലരെ മർദിക്കുന്നു. അങ്ങനെ ശക്തർ ദുർബലരെ ചൂഷണം ചെയ്യുന്നത് തുടർന്ന് കൊണ്ടിരിക്കുന്നു. നമ്മുടെ ജീവിത വ്യവഹാരങ്ങൾ അല്ലാഹുവിൽനിന്ന് വേർപെടുത്തുമ്പോൾ സംഭവിക്കുന്ന സ്വഭാവിക പരിണാമമാണിത്. കഴിഞ്ഞ കാലത്ത് മനുഷ്യന് ഇത് ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. ഭാവിയിലും അത് അങ്ങനെ തന്നെയായിരിക്കും.

ഇസ്‌ലാമിൽ അല്ലാഹുവിന്റെ ഇഛയനുസരിച്ച് മനുഷ്യമുഖമുള്ള സമ്പദ് വ്യവസ്ഥയും സമൂഹഘടനയും രാഷ്ട്രീയ സംവിധാനവുമാണുള്ളത്. നീതിയുടെ അടിസ്ഥാനത്തിൽ കുടുംബം മുതൽ സമൂഹം വരേയും അവിടെ നിന്ന് രാഷ്ട്രം വരേയും ജീവിതത്തിന്റെ വിവിധ ഘടകങ്ങളെ സമന്വയി

www.islamicbooks.in

പ്പിക്കാൻ വേണ്ടിയാണിത്. രാജകുമാരനും പുരോഹിതനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത സന്തുലിതമായ നിയമമാണ് അത് നൽകുന്നത്. മർദിതർക്ക് അവരുടെ പൂർണ അവകാശം ലഭിക്കണമെന്നും കുറ്റവാളികൾക്ക് അവരുടെ കുറ്റത്തിന് ശരിയായ ശിക്ഷ ലഭിക്കണമെന്നും ഇസ്‌ലാം ഉദ്ഘോഷിക്കുന്നു. ഏറ്റവും ദുർബലനായ ഒരു മനുഷ്യന് പോലും തനിക്ക് സംരക്ഷണം ലഭിക്കുന്നുണ്ട് എന്നും ഏറ്റവും ശക്തനായ മനുഷ്യൻ മറ്റുള്ളവർക്ക് നേരെ മർദനം അഴിച്ച് വിടുന്നതിന് മുമ്പായി നൂറു വട്ടം അതേക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമായ നിയമമാണ് ഇസ്‌ലാം രൂപപ്പെടുത്തുന്നത്. നീതി ഉയർത്തിപിടിക്കുന്ന ഏറ്റവും നല്ല വ്യവസ്ഥയാണ് ഇസ്‌ലാം. അത് മുഴുവൻ ലോകത്തും സ്ഥാപിതമാവാൻ അത് ആഗ്രഹിക്കുന്നു.

**ഇസ്‌ലാം ഒരു പ്രബോധന മതം**

ഇസ്‌ലാമിനെ കുറിച്ച ലഘുപരിചയപ്പെടുത്തലാണ് ഇതുവരെ നടത്തിയത്. അത് ഒരു ക്ഷണമാണ്; പ്രസ്ഥാനമാണ്; വിപ്ലവമാണ്. ആത്മീയ പ്രസ്ഥാനങ്ങളുടേയും ഭൗതിക ചിന്താസരണികളുടേയും ഉയർച്ച ലോകം കണ്ടുകൊണ്ടിരിക്കുന്നു. ഭൗതിക പ്രസ്ഥാനങ്ങൾ മനുഷ്യന്റെ ഭൗതിക പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യുമ്പോൾ ആത്മീയ പ്രസ്ഥാനങ്ങൾ ആത്മാവിനെ ശുദ്ധീകരിക്കുന്നതിന് ഊന്നൽ നൽകുന്നു. ഭൗതിക പ്രസ്ഥാനങ്ങൾ ഒന്നുകിൽ മനുഷ്യന്റെ സാമ്പത്തിക പ്രശ്നങ്ങളിൽ പരിമിതമാണ് അല്ലെങ്കിൽ രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുക എന്നതാണ് അവയുടെ ലക്ഷ്യം. മറ്റു ചിലർ ചിന്തിക്കുന്നത് അസ്പൃശ്യതയാണ് ലോകത്തെ ഏറ്റവും വലിയ പ്രശ്നമെന്നാണ്. വേറെ ചിലരാകട്ടെ വിദ്യാഭ്യാസവും വ്യവസായവും സാങ്കേതിക വിദ്യയുമൊക്കെയാണ് വലിയ പ്രശ്നമെന്ന് കരുതി അതിന് ഊന്നൽ നൽകുന്നു. മറ്റൊരു പ്രശ്നവും അവരുടെ മുമ്പിലില്ല.

ആത്മാവിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ആത്മീയ സംഘങ്ങൾ ഭൗതികലോകത്തിന്റെ തിരസ്കാര സുവിഷേശമാണ് പ്രചരിപ്പിക്കുന്നത്. സന്യാസത്തിലധിഷ്ഠിതമായ ആത്മനിയന്ത്രണത്തിലൂടെ ഭൗതിക വ്യവഹാരങ്ങളിൽനിന്ന് പിൻവാങ്ങുന്നതിന്റെ കലയാണ് അവർ അഭ്യസിപ്പിക്കുന്നത്.

ഇതിന് നേർ വിപരീതമെന്നോണം ഇസ്‌ലാം മനുഷ്യ അസ്തിത്വത്തിന്റെ ഏതെങ്കിലും ഒരു പ്രശ്നമല്ല ഏറ്റെടുക്കുന്നത്. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളും അത് കൈകാര്യം ചെയ്യുന്നു. ഭൗതികവും ആത്മീയവുമായ കാര്യങ്ങൾക്ക് പ്രത്യേക ദിശ നിർണയിച്ചുകൊടുക്കുകയും അവന്റെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കേണ്ടത് എങ്ങനെ എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ഈ ഉദ്ദേശ്യം മുമ്പിൽ വെച്ചാണ് ഇസ്‌ലാമിക പ്ര

ബോധകൻ തന്റെ സാഹസിക യത്നത്തിന് മുതിരുന്നത്. എത്ര ഉത്തമമായ കർത്തവ്യമാണ് അവർക്ക് ഏറ്റെടുത്ത് നടത്താനുള്ളത്!

**പ്രബോധന പ്രവർത്തനങ്ങളുടെ ഗൃഹപാഠം**

തനിക്കായി സ്വയം തെരെഞ്ഞെടുത്ത സത്യം മറ്റുള്ളവർക്ക് കൂടി പകർന്ന്കൊടുക്കലാണ് പ്രബോധന പ്രവർത്തനങ്ങളുടെ അടിസ്ഥാനം. താൻ സത്യമെന്ന് കരുതുന്ന ഒരു പാന്ഥാവിലേക്ക് മറ്റുള്ളവരെ കൂടി ക്ഷണിക്കാൻ അയാൾ ബാധ്യസ്ഥനാണ്. താൻ തെരെഞ്ഞെടുത്ത വിശ്വാസവും കർമ്മവും സമൂഹവും രാഷ്ട്രീയവും ഭരണഘടനയും നിയമവും മറ്റുള്ളവർക്ക് കൂടിയുള്ളതാണെന്ന് അയാൾ പരിഗണിക്കണം. അയാൾക്ക് സ്വീകാര്യമല്ലാത്ത ഒരു ദൈവം മറ്റുള്ളവർക്കും സ്വീകാര്യമാകാവതല്ല എന്ന വിപ്ലവബോധം അയാളിൽ ജനിക്കണം. പാപങ്ങളും കുറ്റകൃത്യങ്ങളും അയാൾക്കെന്ന പോലെ മറ്റുള്ളവർക്കും ഹാനികരമാണ്. പരലോക ജീവിതത്തിൽ വിശ്വാസമില്ലാത്ത ജീവിതം അയാൾക്കെന്ന പോലെ മറ്റുള്ളവർക്കും അപ്രായോഗികമാണ്.

സ്വന്തം ജീവിതത്തിനായി സത്യം തെരെഞ്ഞെടുത്ത ഒരാൾ അത് മറ്റുള്ളവർക്ക് ലഭിക്കാതിരിക്കുമ്പോൾ അടങ്ങിയിരിക്കുന്നതിൽ എന്തോ അസ്വാഭാവികതയുണ്ട്. അല്ലാഹുവന്റെ ദീനിൽ വിശ്വാസമുണ്ടെങ്കിലും അത് ലോകത്ത് സ്ഥാപിക്കുന്നതിലുള്ള ശ്രദ്ധയില്ലായ്മയാണ് അവിടെ കാണാൻ കഴിയുക. ചുറ്റുമുള്ള കാര്യങ്ങൾ ശരിയല്ലെന്ന അറിവുണ്ടെങ്കിലും സ്വയം യാതൊരു ചലനവും സൃഷ്ടിക്കാത്തവരെ കാണാം.

തങ്ങളുടെ ലക്ഷ്യവും മാർഗവും ശരിയാണെന്ന് പ്രഖ്യാപിക്കുകയും സ്വന്തം ജീവിതത്തിൽ അത് സ്വീകരിക്കുകയും ചെയ്തതിന് ശേഷം അത് മറ്റുള്ളവരെ സ്വീകരിക്കാൻ പ്രേരിപ്പിക്കാത്തവർ ശുചിത്വത്തെ കുറിച്ച് തികഞ്ഞ ഔചിത്യബോധം ഉണ്ടായിരുന്നിട്ടും സ്വന്തം മൂക്കിന് ചുവട്ടിൽ മാലിന്യം അടിഞ്ഞുകൂടുന്നത് കാണാത്തവരെ പോലെയാണ്. കുന്നുകൂടിയ ചപ്പുചവറുകൾ വൃത്തിയാക്കാനും ആ സ്ഥാനത്ത് നറുമണമുള്ള പുഷ്പങ്ങൾ വിതറാനും അവർക്ക് താൽപര്യമില്ല എന്നാണർത്ഥം. അത്തരം നിഷ്ക്രിയരായ വ്യക്തികൾക്ക് മുമ്പിൽ ഇസ്‌ലാമിന്റെ വാതിൽ തുറക്കപ്പെടുന്നില്ല. അത്തരക്കാർ കടന്നുവന്നാൽ തന്നെ ആ കൂട്ടായ്മയിൽനിന്ന് അവർ പെട്ടെന്ന് വേർപെട്ട് പോകും.

**പ്രബോധന പ്രവർത്തന മേഖല**

പ്രബോധന പ്രവർത്തനങ്ങളിൽ തങ്ങളുടെ ഉത്തരവാദിത്വമെന്തെന്നും പ്രബോധന പ്രവർത്തന മേഖല ഏതെന്നും ചില ആളുകൾ അത്ഭുതത്തോടെ ചോദിക്കും. അല്ലാഹുവിന്റെ ദീൻ ഭൂമിയിൽ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മുന്നോട്ട് വരുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഈ

ചോദ്യത്തിന് ഒട്ടും പ്രസക്തിയില്ല. അവന് ചുറ്റും ധാരാളം ജോലികളുണ്ട്. കപട ദൈവങ്ങളുടെ അടിമത്വത്തിൽനിന്ന് ജനങ്ങളെ മോചിപ്പിച്ച് ഒരൊറ്റ അല്ലാഹുവിന്റെ അധീനതയിലേക്ക് അവരെ കൊണ്ടുവരേണ്ടതുണ്ട്. നിരീശ്വരത്വത്തിനും ബഹുദൈവത്വത്തിനും എതിരെ അയാൾക്ക് രണാങ്കണത്തിലിറങ്ങേണ്ടതുണ്ട്.

അവിശ്വാസത്തെയും മതനിരാസത്തെയും നേരിടണം. അധാർമികതക്കും ദുരഭിമാനത്തിനും വഞ്ചന, കൈക്കൂലി, തട്ടിപ്പ് എന്നിവക്കെതിരെയും അയൾക്ക് പൊരുതേണ്ടതുണ്ട്. ശരിയായ വിശ്വാസത്തിലേക്കും കർമങ്ങളിലേക്കും ഉന്നത സ്വഭാവ ഗുണങ്ങളിലേക്കും അല്ലാഹുവിന്റെ അനുസരണത്തിലേക്കും സംസ്കാരത്തിലേക്കും രാഷ്ട്രീയത്തിലേക്കും ജനങ്ങളെ ക്ഷണിക്കാൻ അയാൾ ബാധ്യസ്ഥനാണ്. നന്മ കൽപിക്കാനും തിന്മ വിരോധിക്കാനുമാണ് അയാൾ നിലകൊള്ളുന്നത്. ചുരുക്കത്തിൽ ഒരു തിന്മയും ഭൂമിയിൽ അവശേഷിക്കാതിരിക്കുകയും മുഴുവൻ നന്മയും ചെയ്ത് തീരാത്തേടത്തോളവും പ്രബോധകന്റെ ജോലി തുടർന്ന്കൊണ്ടേയിരിക്കും.

ഭൗതിക പ്രസ്ഥാനങ്ങളും അവയുടെ സജീവ പ്രവർത്തകരും പരിമിതമായ ലക്ഷ്യ സാക്ഷാത്കാരത്തിനും ഒരു പ്രത്യേക ദേശത്തിനും ജനവിഭാഗത്തിനും വേണ്ടി പ്രവർത്തിക്കുന്നു. ചിലർ തൊഴിലാളി വർഗ്ഗത്തിനും മറ്റുചിലർ മുതലാളിത്ത താൽപര്യങ്ങൾക്കും മറ്റു ചിലർ കുലീന ജാതിക്കാർക്കായും മറ്റു ചിലർ താഴ്ന്ന ജാതിക്കാർക്കായും സമരം നടത്തുന്നു. ചിലർ ന്യൂനപക്ഷങ്ങളിൽ താൽപര്യം കാണിക്കുമ്പോൾ വേറെ ചിലരാകട്ടെ ഭൂരിപക്ഷ സമൂഹത്തിലാണ് കണ്ണ്. ചിലർ അവരുടെ കാഴ്ചപ്പാടിലുള്ള പ്രത്യേക ദേശത്തിനായും മറ്റുചിലർ സാമൂഹ്യ പരിഷ്കരണത്തിനായും വേറെ ചിലർ വിദ്യാഭ്യാസ പുരോഗതിക്കായും നിലകൊള്ളുന്നു.

എന്നാൽ വെറെ ചിലരാകട്ടെ സാമ്പത്തിക വിപ്ലവത്തിന് മുദ്രാവാക്യം മുഴക്കുമ്പോൾ മറ്റു ചിലർ രാഷ്ട്രീയ മുന്നേറ്റത്തിന് ശബ്ദമുയർത്തുന്നു. അങ്ങനെ പലതിനായും മുറവിളി ഉയരാറുണ്ട്. സത്യത്തിൽ ഓരോ സംഘവും ഇടുങ്ങിയ വൃത്തത്തിൽ ബന്ധിതരാണ്. ഈ വൃത്തത്തിനപ്പുറം മറ്റൊരു ജോലിയും ഇല്ലാത്തതു പോലെ ലക്ഷ്യം തന്നെ വളരെ പരിമിതപ്പെടുത്തിയിരിക്കുകയാണ് ഇവിടെ. അങ്ങനെ പരിമിതപ്പെടുത്തിയവർക്ക് പോലും, വേണ്ടത്ര പ്രവർത്തിക്കാനുണ്ടെങ്കിൽ, മനുഷ്യന്റെ ഇഹപര വിജയം ഉറപ്പ് വരുത്തുന്ന, സർവ മനുഷ്യരെയും ഉൾകൊള്ളുന്ന ഇസ്ലാമിന്റെ വാക്താക്കൾക്ക് പ്രത്യേകമായ ഉത്തരവാദിത്തം ഇല്ലാതിരിക്കുക എന്നത് എന്തൊരു അത്ഭുതമാണ്?

www.islamonlive.in

## പ്രബോധന കർത്തവ്യത്തോട് നീതി പുലർത്താൻ ചെയ്യേണ്ടത്

ഏറ്റവും പ്രയാസമുള്ള കർമ്മമാണ് ഇസ്‌ലാമിക പ്രബോധന പ്രവർത്തനം. പ്രസംഗത്തിലൂടെയൊ ഗ്രന്ഥമെഴുത്തിലൂടെയോ ഇസ്‌ലാമിനെ സംബന്ധിച്ച സെമിനാറിലോ സിമ്പോസിയത്തിലോ സംസാരിച്ചതിലൂടെ മാത്രമോ പ്രബോധനകർത്തവ്യത്തോട് നീതി പുലർത്തി എന്ന് പറയാനാവില്ല. ജീവിതത്തിലുടനീളം നിർവ്വഹിക്കേണ്ട നിരന്തരമായ കർത്തവ്യമാണ് പ്രബോധനപ്രവർത്തനം. ദഅ്‌വയുടെ ഉദ്ദ്യേശ ലക്ഷ്യം ഒരു പ്രബോധകൻറെ മനസ്സിൽ എപ്പോഴും സജീവമായി നിലകൊള്ളേണ്ടതുണ്ട്.

ഇസ്‌ലാമിക പ്രബോധകന്റെ സംസാരത്തിന്റെ കേന്ദ്രബിന്ദു പ്രബോധന സന്ദേശമായിരിക്കണം. താൽപര്യങ്ങളുടെ ഭ്രമണപഥവും അദ്ദേഹത്തിന്റെ ബന്ധങ്ങളുടെ അടിസ്ഥാനവും അതായിരിക്കണം. തന്റെ സംസാരത്തിൽ, സന്ദർശനത്തിൽ, വിദ്യാഭ്യാസത്തിൽ, കച്ചവടത്തിൽ എല്ലാം നിർബന്ധമായും പ്രബോധകൻ ഇക്കാര്യം ഓർത്തിരിക്കണം. തന്റെ സന്ദേശം ശ്രോതാക്കൾക്ക് കൈമാറാൻ ലഭിക്കുന്ന ഒരു അവസരവും പാഴാക്കരുത്. ഈ കർത്തവ്യം തന്റെ മുഖമുദ്രയായി അംഗീകരിക്കുകയും അതിന്റെ തുടിപ്പുകൾ തന്റെ ഓരോ നിശ്വാസത്തിലും ഉൾച്ചേർന്നിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും വേണം.

പ്രബോധന പ്രവർത്തനങ്ങൾ പ്രബോധകന്റെ ജീവിതത്തെ ക്രമപ്പെടുത്തുകയും അദ്ദേഹവുമായി ഇടപെടുന്ന ഓരോ വ്യക്തിക്കും താൻ പ്രബോധനത്തിനായി ജീവതം നീക്കിവെച്ചിരിക്കുന്നതായി അനുഭവവേദ്യമാവേണ്ടതുമുണ്ട്. ദഅ്‌വാ പ്രവർത്തനങ്ങളോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശവും ആദർശത്തോടുള്ള പ്രതിബദ്ധതയും മറ്റുള്ളവരെയും അതേ പാതയിൽ ചലിപ്പിക്കാൻ പ്രചോദിപ്പിക്കേണ്ടതാണ്. ഒരു പ്രബോധകൻ അപരനുമായി ബന്ധം സ്ഥാപിക്കുന്നതും വിഛേദിക്കുന്നതും അടുക്കുന്നതും അകലുന്നതുമെല്ലാം ദഅ്‌വ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ഒരു വ്യക്തിയേയും ഒഴിച്ച്നിർത്താത്തവിധം ഇസ്‌ലാമിക പ്രബോധകൻ ദഅ്‌വാ പ്രവർത്തനം നിർവഹിക്കേണ്ടതുണ്ട്. കുടിലുകളിലും കൊട്ടാരങ്ങളിലും ഇസ്‌ലാമിക സന്ദേശം ചർച്ചാ വിഷയമാവണം. സമൂഹത്തിലെ കീഴാളർക്കും മേലാളർക്കും ആ സന്ദേശം പരിചിതമാവണം. ഇസ്‌ലാമിന്റെ സന്ദേശം മുഴുവൻ ഭാഷകളിലേക്കും ജനവിഭാഗങ്ങളിലേക്കും പ്രചരിക്കട്ടെ. സകല നഗരങ്ങളിലും, കവലകളിലും, വ്യാപാര കേന്ദ്രങ്ങളിലും ആ സത്യ സന്ദേശം വ്യാപിക്കട്ടെ.

സ്കൂളുകളിലും കോളേജുകളിലും മത പാഠശാലകളിലും രാജ്യം മുഴുവനും ഇസ്‌ലാമിന്റെ സന്ദേശം പ്രതിധ്വനിക്കട്ടെ. അതിലൂടെ ജനങ്ങൾക്ക്

ഇസ്‌ലാമിക സന്ദേശം അവഗണിക്കാൻ കഴിയാത്ത അവസ്ഥ സംജാത മാവണം. അതിന് ഏറ്റവും പ്രധാനം പ്രബോധകന്റെ വ്യക്തിത്വമാണ്. ഇസ്‌ലാമിക പ്രബോധകന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ എന്താണെന്ന് പരിശോധിക്കാം.

**1. അല്ലാഹുവുമായുള്ള ബന്ധം**

അല്ലാഹുവുമായി അടുത്ത ബന്ധമുള്ളവർക്ക് മാത്രമെ അവന്റെ ദീനിനെ യഥാവിധം സേവിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ഖുർആനും സുന്നത്തും അസന്ദിഗ്ദമായി വ്യക്തമാക്കുന്നു. എങ്ങനെ ജീവിക്കണ മെന്നും മരിക്കണമെന്നും അറിയുന്നവനാണ് ഒരു പ്രബോധകൻ. അദ്ദേ ഹം അല്ലാഹുവിന്റെ പ്രീതിക്കായി മാത്രം കൊടുക്കുകയും വാങ്ങുക യും ചെയ്യുന്നു. ഒരു പ്രബോധകൻ അഗാധമായി അല്ലാഹുവിനെ സ്നേ ഹിക്കുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന് വേണ്ടി നിരന്തരമായി പ്രവർത്തിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെ ത്തുന്നു.

കഠിനമായ പരീക്ഷണങ്ങളിലും പ്രബോധകന്റെ നാവിൽനിന്ന് ഒരു പരാതിയും ഉയർന്ന് വരികയില്ല. അദ്ദേഹത്തിന്റെ ഹൃദയം നിറയെ യജമാ നനോടുള്ള ബഹുമാനവും ഭയവുമാണ്. അതിനാൽ ഒരു പ്രബോധകൻ മറ്റൊരേയും ഭയപ്പെടുന്നില്ല. തന്റെ മുഴുവൻ കഴിവും സമ്പാദ്യവും ആന ന്ദവും താൽപര്യങ്ങളും നേട്ടങ്ങളുമെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചാലും തന്റെ രക്ഷിതാവിനോട് തനിക്ക് നീതി പുലർത്താൻ കഴിഞ്ഞില്ലല്ലോ എന്ന പരിഭവമാണ് ഉണ്ടാവുക. തന്റെ കഴിവിന്റെ പരിധി യിൽപെട്ടതെല്ലാം ചെയ്താലും അതിലെ പോരായ്മകളിൽ ഖിന്നനാ യിരിക്കും പ്രബോധകൻ. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രിയങ്കരൻ അല്ലാഹുവാണ്. മറ്റെല്ലാ സ്നേഹത്തേയും അല്ലാഹുവിനോ ടുള്ള സ്നേഹം മുൻകടക്കുന്നു.

അല്ലാഹുവിന്റെ ദീനിന് എന്തെങ്കിലും ക്ഷതം സംഭവിച്ചാൽ അത് വ്യക്തി പരമായി ക്ഷതം സംഭവിച്ചത് പോലെ പ്രബോധകൻ കരുതുന്നു. നേട്ട ങ്ങൾ ഉണ്ടായാലോ തനിക്കുണ്ടായ നേട്ടത്തെക്കാൾ അതിരറ്റ സന്തോഷ ത്തിലാണ് പ്രബോധകന്റെ മനസ്സ്. വ്യക്തിപരമായ ഏതൊരു ആക്രമണ ത്തെയും അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞെന്നിരിക്കും. എന്നാൽ ദീനിന് നേരെ ഉണ്ടാവുന്ന ആക്രമണം ഒരു പ്രബോധകന് സഹിക്കാൻ കഴിയുന്നതിലപ്പുറമാണ്. അതിന്റെ പ്രതിരോധത്തിൽ എന്ത് നഷ്ടം സഹി ക്കാനും അയാൾ തയ്യാർ. അല്ലാഹുവുമായുള്ള ബന്ധം ശക്തമല്ലെങ്കിൽ ദീനിന് വേണ്ടി ഒരു ജോലിയും അയാൾക്ക് നിർവഹിക്കുക സാധ്യമല്ല. ചിലപ്പോൾ ക്ഷണികമായ വികാര തള്ളിച്ചയിൽ പ്രചോദിതമായി എന്തെ

ങ്കിലും കാട്ടികൂട്ടി എന്ന് വരാം. അത് പക്ഷെ അയാൾക്ക് ദീർഘകാലം മുന്നോട്ട് പോകാനോ പ്രയാസങ്ങൾ സഹിക്കാനോ അതിന്റെ പൂർത്തീ കരണത്തിനായി ത്യഗം ചെയ്യാനോ സാധിക്കുകയില്ല.

**2. നിർബന്ധ നമസ്കാരങ്ങൾ**

അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കുവാനും കൂടുതൽ ശക്തിപ്പെ ടുത്തുവാനുമുള്ള ഉറവിടമാണ് നമസ്കാരങ്ങൾ. നമസ്കാരവും ദഅ് വ പ്രവർത്തനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നമസ്കാര ത്തോടെയാണ് ദഅ്വ പ്രവർത്തനം ആരംഭിക്കുന്നതും അവസാനിക്കുന്ന തും. ദഅ്വപ്രവർത്തനം നബി (സ) യിൽ ഭരമേൽപിക്കപ്പെട്ടപ്പോൾ അദ്ദേഹ ത്തോട് തഹജ്ജുദ് നമസ്കാരം നിർവഹിക്കാൻ ഉപദേശിക്കുകയുണ്ടായി. പ്രഭാതോദയത്തിന് മുമ്പ് പാതിരാവിൽ നിർവഹിക്കേണ്ട നമസ്കാരമാ ണല്ലോ അത്.

പകൽ മുഴുവൻ പ്രവാചകൻ തിരുമേനി പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകിയിരുന്നുവെന്ന് നമുക്കറിയാം. അതിനാൽ പ്രവാചകന് നിശാവേള യിൽ, രാത്രിയുടെ വലിയൊരു ഭാഗം, അർദ്ധ ഭാഗം, അതിൽ ഏറിയോ കുറഞ്ഞോ, അല്ലാഹുവിനെ സ്മരിക്കേണ്ടതുണ്ടായിരുന്നു. അക്കാര്യം ഖുർആൻ വിവരിക്കുന്നത് ഇങ്ങനെ: പറയുക: നിശ്ചയമായും എന്റെ നമസ്കാരവും ആരാധനാകർമങ്ങളും ജീവിതവും മരണവുമെല്ലാം പ്രപ ഞ്ചനാഥനായ അല്ലാഹുവിനുള്ളതാണ്.

മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു: മൂടിപ്പുതച്ചവനേ, രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുക – ഇത്തിരിനേരമൊഴികെ. അതായത് രാവിന്റെ പാതി. അല്ലെങ്കിൽ അതിൽ അൽപം വർധിപ്പിക്കുക. ഖുർആൻ നിർത്തി നിർത്തി സാവധാനം ഓതുക. നിനക്ക് നാം ഭാരിച്ച വചനം അവതരിപ്പി ക്കുന്നതാണ്. രാത്രിയിൽ ഉണർന്നെഴുന്നേറ്റുള്ള നമസ്കാരം ഏറെ ഹൃദയസാന്നിധ്യം ഉളവാക്കുന്നതാണ്. സംസാരം സത്യനിഷ്ഠമാക്കു ന്നതും. പകൽ സമയത്ത് നിനക്ക് ദീർഘമായ ജോലിത്തിരക്കുണ്ടല്ലോ. നിന്റെ നാഥന്റെ നാമം സ്മരിക്കുക. മറ്റെല്ലാറ്റിൽനിന്നും വിട്ടൊഴിഞ്ഞ് അതിൽ മാത്രം മുഴുകുക. ( അൽമുസ്സമ്മിൽ 1 – 8 )

ദിവസം മുഴുവൻ പ്രബോധന പ്രവർത്തനങ്ങളിൽ നിമഗ്നനാവുകയും അങ്ങനെ പരിക്ഷീണിതനാവുകയും ചെയ്ത ഒരു വ്യക്തിയോട് സ്വാഭാ വികമായും രാത്രിയിൽ വിശ്രമിക്കാനായിരുന്നു ഉപദേശിക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ ദീർഘനേരത്തെ നമസ്കാരത്തിനാണ് ആജ്ഞാപിച്ചിരി ക്കുന്നത്. ഇതിനർത്ഥം പകൽ നിർവഹിക്കേണ്ട ഭാരിച്ച ഉത്തരവാദി ത്വത്തിനുള്ള ഊർജ്ജം ലഭിക്കേണ്ടത് രാത്രിയിലെ നമസ്കാരത്തിൽ നിന്നാണ് എന്നാണ്.

www.islamonlive.in

23 വർഷത്തെ അക്ഷീണ പരിശ്രമങ്ങൾക്ക് ശേഷം ഇസ്‌ലാമിക പ്ര ബോധന പ്രവർത്തനങ്ങൾ വിജയം കണ്ടപ്പോൾ, ഖുറൈശി ഗോത്രത്തെ പരാജയപ്പെടുത്തിയപ്പോൾ, മക്ക വിജയത്തിലൂടെ അല്ലാഹുവിന്റെ ഭവനം അവന്റെ അടിമകൾക്ക് കീഴിലായപ്പോൾ പോലും, അല്ലാഹുവിനെ കുമ്പി ടുവാനും അവനെ വാഴ്ത്താനുമാണ് കൽപ്പിച്ചത് എന്ന് ഖുർആനിൽ കാണാം: അല്ലാഹുവിന്റെ സഹായവും വിജയവും വന്നെത്തിയാൽ; ജനം കൂട്ടംകൂട്ടമായി ദൈവിക മതത്തിൽ കടന്ന് വരുന്നത് നീ കാണുകയും ചെയതാൽ; നീ നിന്റെ നാഥനെ വാഴ്ത്തുകയും കീർത്തിക്കുകയും ചെയ്യുക. അവനോട് പാപമോചനം തേടുക. തീർച്ചയായും അവൻ പാശ്ചാ ത്താപം ധാരാളമായി സ്വീകരിക്കുന്നവനാണ്. ( അന്നസ്ർ 1 – 3 )

ഇതെല്ലാം സൂചിപ്പിക്കുന്നത് നമസ്കാരം ആദ്യന്തം ദഅ്‌വയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. നമസ്കാരമില്ലാതെ ദഅ്‌വ കർത്തവ്യം നിർവഹിക്കാനോ, ദഅ്‌വ പ്രവർത്തനമില്ലാതെ നമസ്കാരം നിർവഹി ക്കാനോ അന്ത്യനാൾ വരേയും സാധ്യമല്ല. വായുവും വെള്ളവും ഇല്ലാതെ ജീവിക്കാൻ കഴിയാത്തത് പോലെ നമസ്കാരമില്ലാതെ ദഅ്‌വ നിലനിൽ ക്കുകയോ പുരോഗതി പ്രാപിക്കുകയോ ചെയ്യുകയില്ല എന്നത് ഒട്ടും സംശയമില്ലാത്ത കാര്യമാണ്.

**3. നമസ്കാരവും സഹന ശീലവും**

ദഅ്‌വാപ്രവർത്തനത്തിൽ രണ്ട് ഗുണങ്ങൾ അനിവാര്യമാണ്. ഒന്ന്, പ്രതി കൂല സാഹചര്യത്തിൽ സഹനശീലം. രണ്ട്, തിന്മക്കെതിരായ നിരന്തര പോരാട്ടം. ഈ രണ്ട് ഗുണങ്ങളും നമസ്കാരത്തിലൂടെ നമുക്ക് കൈവരി ക്കാൻ കഴിയും. ഇസ്‌ലാമിക പ്രബോധനത്തിന്റെ മക്കാ കാലഘട്ടം സഹന ത്തിന്റെയും ക്ഷമയുടേയും കാലഘട്ടമായിരുന്നുവല്ലോ? നബി (സ) യുടെ വഴിയിൽ അവർ മുള്ള് വിതറി. നിസ്വാർത്ഥനായ അദ്ദേഹത്തെ അവർ കല്ല് കൊണ്ട് അഭിഷേകം ചെയ്തു. ചിത്തഭ്രമം ബാധിച്ചവനെന്നും ആഭി ചാരക്കാരനെന്നും മുദ്രകുത്തി. പച്ചക്കള്ളമല്ലാതെ മുഹമ്മദ് സംസാരി ക്കുകയില്ലെന്ന് പറഞ്ഞു നടന്നു. ചിലർ ഇതിന്റെ എല്ലാം റാൻ മൂളികളായി പുറകെ പോയി. അത്തരം പരിഹാസ്യമായ ആരോപണങ്ങളിൽനിന്നല്ലാം നമുക്ക് അല്ലാഹുവിൽ അഭയം തേടുകയല്ലാതെ മറ്റെന്ത് ചെയ്യാൻ?

അവരുടെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ കേട്ട് നബി (സ) നടുങ്ങിയില്ല എന്നതിന് ചരിത്രം സാക്ഷി. വളരെ ശ്രദ്ധാലുവായി അദ്ദേഹം തന്റെ ദൗത്യ നിർവഹണത്തിൽ മുഴുകുകയായിരുന്നു. അവരുടെ ബുദ്ധി യോടായിരുന്നു അദ്ദേഹം സംവദിച്ചത്. അഗാധമായ ചിന്താശീലം വളർ ത്തി എടുക്കാൻ പ്രേരിപ്പിച്ച പ്രവാചകൻ അവരുടെ എതിർപ്പ് മൂലം ഉണ്ടാവുന്ന അപകടകരമായ പരിണാമത്തെ കുറിച്ച് അവർക്ക് താക്കീത്

www.islamhouse.com

നൽകി. അങ്ങനെ ശത്രുതയുടേയും വദ്വേഷത്തിന്റേതുമായ പരിതസ്ഥിതിയിൽ വിജയകരമായി അദ്ദേഹം തന്റെ ദൗത്യം നിർവഹിക്കുകയായിരുന്നു.

സമാദരണീയരായ പ്രവാചകന്റെ അനുചരന്മാരാകട്ടെ അദ്ദേഹത്തിന്റെ അതേ പാത തന്നെ അനുധാവനം ചെയ്തു. അതേ ഉന്നത സ്വഭാവഗുണങ്ങൾ അവരും സ്വാംശീകരിച്ചു. എതിർപ്പിന്റെ കൊടുങ്കാറ്റിൽ അവർ പാറപോലെ ഉറച്ചുനിന്നു. അവരുടെ ജിഹാദ് മാതൃകാപരമായിരുന്നത് പോലെ അവരുടെ സഹനശീലവും അനിതര സാധാരണ മാതൃകയായിരുന്നു. ഭീരുക്കളുടേയൊ ദുർബലരുടേയൊ ക്ഷമയായിരുന്നില്ല അവർ കൈകൊണ്ടത്. മരണത്തോട് മുഖാമുഖം ഏറ്റുമുട്ടാൻ തയ്യാറുള്ള ധീരന്മാരുടെ ക്ഷമയായിരുന്നു അവരുടേത്. നേരിയ പ്രകോപനങ്ങൾ ഉണ്ടായപ്പോൾപോലും ഖഡ്ഗം കൈയിലേന്തിയ വീരയോദ്ധാക്കളുടെ ക്ഷമയായിരുന്നു അത്. പ്രതികാരം ചെയ്യാതെ അവരുടെ കോപാഗ്നി അണഞ്ഞില്ല.

അവരുടെ ശത്രുക്കളെയാകട്ടെ മിത്രങ്ങളെയാകട്ടെ അന്യരിൽനിന്ന് ഒരു പോറൽ പോലും ഏൽക്കാൻ അവർ അനുവദിച്ചില്ല. പരിക്കേറ്റാൽ ആ അനുചരന്മാർ ഓരോരുത്തരും കോപം കലിതുള്ളിയ സിംഹമായി മാറി. ആക്രമം കണ്ടിരിക്കുന്നത് ഭീരുത്വത്തിന്റെ പര്യായമാണെന്ന് അവർ മനസ്സിലാക്കി.

പ്രാകൃത സ്വഭാവത്തിന് അതിനേക്കാൾ പ്രാകൃതമായരീതിയിൽ അവർ തിരിച്ചടിച്ചിരുന്ന കാലമുണ്ടായിരുന്നു. മുഖ്യമായും യുവാക്കളടങ്ങുന്ന അത്തരമൊരു സംഘത്തെ ഇസ്‌ലാം എങ്ങനെ സഹനശീലരും ക്ഷമാലുക്കളുമാക്കി പരിവർത്തിപ്പിച്ചു എന്നത് അത്ഭുതമുളവാക്കുന്ന കാര്യമാണ്. മക്കയുടെ മുഴുവൻ ചരിത്രത്തിലും അവർക്ക് സമാനമായവരെ കണ്ടെത്തുക സാധ്യമല്ല. നിസ്സാര കാര്യങ്ങളുടെ പേരിൽ പ്രകോപിതരായാൽ പോലും അവർ അനാവശ്യമായ ഒരു വാക്ക്പോലും ഉച്ചരിച്ചിരുന്നില്ല.

ശത്രുവിന്റെ ഉയർത്തി പിടിച്ച ഖഡ്ഗത്തിന് നേരെ തങ്ങളുടെ കൈവശമുണ്ടായിരുന്ന ഖഡ്ഗത്തിലൂടെ അവർ മറുപടി പറഞ്ഞില്ല. അസാമാന്യമായ ഈ സഹനബോധം നമസ്ക്കാരത്തിലൂടെയായിരുന്നു അവർ ആർജ്ജിച്ചിരുന്നതെന്ന് നാം മനസ്സിലാക്കണം. അത്കൊണ്ടാണ് സഹനബോധത്തിന് ആഹ്വാനം ചെയ്യുന്ന ഖുർആൻ നമസ്കാരം അനുഷ്ഠിക്കണമെന്ന് ഉപദേശിക്കുന്നത്. ഖുർആൻ പറയുന്നു: അതിനാൽ അവർ പറയുന്നതൊക്കെ ക്ഷമിക്കുക. സൂര്യോദയത്തിനും അസ്തമയത്തിനും മുമ്പെ നിന്റെ നാഥനെ വാഴ്ത്തുക. ഒപ്പം പ്രകീർത്തിക്കുകയും ചെയ്യുക. ( ഖാഫ് 39, 40 )

**4. സഹനബോധം: പ്രബോധകന്റെ മുഖമുദ്ര**

വളരെ ക്ലേശകരമായ ഇസ്‌ലാമിക പ്രബോധന കർത്തവ്യം ഏറ്റെടുത്തവർക്ക് സഹനബോധം ഭൂതകാലത്തെന്ന പോലെ ഇന്നും അനിവാര്യമാണ്. ഒരു ഭാഗത്ത് മതത്തിന്റെ പ്രഖ്യാപിത ശത്രുക്കളും മതത്തിന്റെ സംശയാലുക്കളും അവർക്കെതിരെ സർവായുധ വിഭൂഷിതരായി നിൽക്കുകയാണ്. മറുഭാഗത്ത് അല്ലാഹുവിനും അവന്റെ പ്രവാചകനും വേണ്ടി നിലയുറപ്പിച്ചിട്ടുള്ള, അംഗീകരിക്കപ്പെട്ട പണ്ഡിത വ്യൂഹവും. പിന്നാക്കം തിരിഞ്ഞ് നടക്കുന്നവരെന്നു വിഘടനവാദികളെന്നും ദേശ സ്നേഹമില്ലാത്തവരെന്നും വർഗീയ വാദികളുമെന്നുമൊക്കെ ആദ്യ വഭാഗം മറുവിഭാഗത്തെ ആരോപിക്കുന്നു. ആ ഇസ്‌ലാമിക പ്രബോധകർ തങ്ങളുടെ മാർഗത്തിൽ തടസ്സം നിൽക്കുന്നവരായതിനാൽ അവരേയും അല്ലാഹുവിന്റെ ദീനിനേയും അതിന്റെ വിശ്വാസ പ്രമാണങ്ങളേയും ജീവിത തത്വശാസ്ത്രത്തേയും എതിർക്കുന്നതിനുള്ള ബലിയാടാക്കുകയാണ് ചെയ്യുന്നത്.

എന്തിന് മതാഭിമുഖ്യമുള്ളവർ പോലും അവർക്കെതിരെ ആരോപണങ്ങളുടെ കൂമ്പാരങ്ങൾ ചൊരിയുന്നു. ചിലപ്പോൾ അവർ അവരുടെ വിശ്വാസത്തെ തന്നെ ആക്രമിച്ചെന്നിരിക്കും; മറ്റു ചിലപ്പോൾ ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു പക്ഷെ അവന്റെ പ്രവാചകനിൽ വിശ്വസിക്കുന്നില്ല എന്ന് പറഞ്ഞേക്കും. ചിലപ്പോൾ അവർ ഞങ്ങൾ അല്ലാഹുവിലും അവന്റെ പ്രവാചകനിലും വശ്വസിക്കുന്നു എന്ന് സമ്മതിച്ചേക്കും. അത് പക്ഷെ നാം വിചാരിച്ചത് പോലെ ശരിയായ രീതിയിലായികൊള്ളണമെന്നില്ല.

മറ്റ് ചിലപ്പോൾ ഇസ്‌ലാമിക പ്രബോധകരുടെ ദീൻ പൂർണമായും രാഷ്ട്രീയമാണെന്നും അധികാരം പിടിച്ചെടുക്കുകയാണ് അവരുടെ ലക്ഷ്യമെന്നും ദൈവഭയമല്ല അവരുടെ പ്രചോദനമെന്നുമൊക്കെ ആരോപിച്ചേക്കാം. മറ്റ് ചിലപ്പോൾ പ്രവാചകന്റെ അനുചരന്മാരേയും ഉമ്മത്തിലെ മറ്റ് സമാദരണീയരായ വ്യക്തിത്വങ്ങളേയും അവർ അവഹേളിക്കുകയാണെന്ന് പറഞ്ഞെന്നും വരാം.

ചിലപ്പോൾ ഞങ്ങൾ മാത്രമാണ് മുസ്‌ലിംകളെന്ന് അവർ അവകാശപ്പെട്ടേക്കും. തങ്ങളുടേതാണ് സമഗ്രമായ മതമെന്നും അക്കൂട്ടർ അവകാശവാദമുന്നയിച്ചേക്കാം. ഈ ആരോപണങ്ങളെല്ലാം അബദ്ധജഡിലവും അടിസ്ഥാനരഹിതവുമാണെന്ന് വളരെ വ്യക്തം. ഈ വ്യാജ ആരോപണങ്ങളുടെ മഹാ പ്രളയത്തിൽനിന്ന് ഒരു ഇസ്‌ലാമിക പ്രബോധകന് സംരക്ഷണവും സഹനവും നൽകുന്നത് നമസ്കാരമല്ലാതെ മറ്റെന്താണ്?

**5. നമസ്കാരത്തിലൂടെ ദൃഢചിത്തത**

അനിസ്ലാമിക സമൂഹത്തിൽ യഥാർഥ ഇസ്ലാമിക പ്രബോധന പ്രവർത്തനം നിർവ്വഹിക്കുക എന്നതും അതിൻറെ അനുയായികൾക്ക് അത്തരം സന്ദർഭങ്ങളിൽ ഉറച്ച നിലപാട് സ്വീകരിക്കാൻ കഴിയുക എന്നതും വളരെ ആയാസകരമാണ്. അനിസ്ലാമിക പ്രത്യയ ശാസ്ത്രങ്ങൾ ഇസ ്ലാമിക ചിന്തയെ എല്ലാ വിധേനയും ആക്രമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശം. അവിടെ എതിർ ശക്തികൾ കടുത്ത സമ്മർദം ചെലുത്തി കൊണ്ടിരിക്കുന്നു. നിരുത്സാഹജനകമായ സാഹചര്യത്തിൽ ദഅ്വ പ്ര വർത്തനങ്ങൾ നിർവഹിക്കേണ്ടിവരുന്നു അവർക്ക്. പ്രബോധകന്റെ വീഴ്ചകളെ പുകഴത്തുന്ന നിലപാട് സ്വീകരിക്കുന്ന പ്രവണതകളും പ്ര ബോധന പ്രവർത്തനങ്ങളിലെ മുന്നേറ്റത്തിന് നേരെ മുഖം ചുളിക്കുന്ന നിലപാടുമൊക്കെ ഉണ്ടാവുമ്പോൾ ഫലപ്രദമായി നേരിടാൻ ദൃഢചിത്തത അനിവാര്യമാണ്.

ഇസ്ലാമിക പ്രസ്ഥാനം വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യു ന്നത് കാണുമ്പോൾ ശത്രുക്കൾ അതിനെ ശകതി ഉപയോഗിച്ച് തകർ ക്കാനാണ് ലക്ഷ്യംവെക്കുക. പക്ഷെ ഇത് അസാധാരണമായ കർത്ത വ്യമല്ല എന്ന് അവർ വിചാരിക്കുന്നില്ല. കാരണം പ്രസ്ഥാനങ്ങളെ ബലം പ്രയോഗിച്ച് കടിഞ്ഞാണിടുക ഒരിക്കലും സാധ്യമല്ല. അപ്പോൾ അവർ പ്രബോധകരെ ഉപയോഗപ്പെടുത്തി പ്രസ്ഥാനത്തെ തന്നെ അമർച്ച ചെയ്യാനുള്ള കുതന്ത്രം പ്രയോഗിക്കുന്നു. പക്ഷെ ഇതിന് അവർ തുറന്ന നീക്കങ്ങളൊന്നും നടത്തുകയില്ല.

ഇസ്ലാമിന്റെ അനുയായികൾ അവരുടെ ആദർശം അൽപം മയപ്പെ ടുത്തണം എന്നായിരിക്കും ചിലപ്പോൾ അവർ ആവശ്യപ്പെടുക. മറ്റുള്ളവ രുടെ ആദർശം ഉൾകൊള്ളാൻ നിങ്ങൾക്ക് ശ്രമിച്ചു കൂടെ എന്ന് അവർ ആരായുന്നു. ഇതിലൂടെ അവരുടെ വീക്ഷണത്തിന് സാധുത കൈവരിച്ചേക്കാം. തുടർന്ന് ചില കാര്യങ്ങളിലൊക്കെ സഹിഷ്ണുതാപൂ ർവ്വമായ സമീപനം ഉണ്ടാകാനും ഇടയുണ്ട്. ഒരു പക്ഷെ അതിലൂടെ പര സ്പരം നിലനിൽപിന്റേതായ ഒരു സാഹചര്യം സൃഷ്ടിക്കാൻ സഹായക മാവും എന്നായിരിക്കും അവർ കരുതുക.

ഇത് അങ്ങേയറ്റം ലോലമായ ഒരു ഘട്ടമാണ്. ഇസ്ലാമിക പ്രവർത്ത കർക്ക് ഒരു അയഞ്ഞ സമീപനം സ്വീകരിക്കാൻ ഇത് അവസരം നൽകു ന്നു. അങ്ങനെ അവരുടെ ചിന്തയെ പുനഃപരിശോധനക്ക് വധേയമാക്കു വാൻ അവർ സമ്മതിക്കുന്നു. ഇത്തരത്തിലുള്ള ഓരോ ചുവടുവെപ്പും വ്യക്തികൾക്കെന്ന പോലെ പ്രസ്ഥാനത്തിനും അപകടകരമാണെന്ന് അവർ ഓർക്കുന്നില്ല. ഒരാൾ ഉന്നതങ്ങളിൽനിന്ന് നിലം പതിക്കുമ്പോൾ

അയാൾ പകുതിയിൽവെച്ച് നിൽക്കാൻ കഴിയാതെ താഴേക്ക് കുതിക്കുമല്ലോ? വളരെ അപകടകരമായ ഒരു വീഴ്ചയാണിത്. സാഹചര്യങ്ങളുടെ നേരിയ സമ്മർദത്തിന് പോലും ഒരാൾ വഴങ്ങാൻ പാടില്ല. തന്റെ കൈവശമുള്ള ഒരു കാര്യത്തിൽ ശത്രുവിന് കീഴടങ്ങിയാൽ, പിന്നെ അയാൾക്ക് എല്ലാം നഷ്ടപ്പെട്ടത് പോലെയാണ്.

ശത്രുക്കളുടെ പ്രഹരത്തിന് നേരെ സഹനം ആർജിക്കാൻ കഴിയുക അല്ലാഹുവിനെ സ്മരിച്ചുകൊണ്ടും നമസ്കാരത്തിലൂടെയുമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഖുർആൻ അത് ഇപ്രകാരം വിശദമാക്കുന്നു:

നിന്നോട് കൽപിച്ച വിധം നീയും നിന്നോടൊപ്പം പശ്ചാത്തപിച്ചു മടങ്ങിയവരും നേർവഴിയിൽ ഉറച്ചു നിൽക്കുക. നിങ്ങൾ പരിധി ലംഘിക്കരുത്. തീർച്ചയായും നിങ്ങൾ ചെയ്യുന്നത് സൂക്ഷമമായി കാണുന്നവനാണവൻ. അതിക്രമം കാണിച്ചവരുടെ ഭാഗത്തേക്ക് നിങ്ങൾ ചായരുത്. അങ്ങനെ ചെയ്താൽ നരകം നിങ്ങളെ പിടികൂടും. അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് രക്ഷകരായി ആരുമില്ല. പിന്നീട് നിങ്ങൾക്കൊരു സഹായവും ലഭിക്കുകയുമില്ല. പകലിന്റെ രണ്ടറ്റങ്ങളിലും രാവിന്റെ ആദ്യയാമത്തിലും നീ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക. തീർച്ചയായും, സദ് വൃത്തികൾ ദുർവൃത്തികളെ ദുരീകരിക്കും. ആലോചിച്ചറിയുന്നവർക്കുള്ള ഉദ്ബോധനമാണിത്. ക്ഷമിക്കുക. തീർച്ചയായും സൽക്കർമികൾക്കുള്ള പ്രതിഫലം അല്ലാഹു ഒട്ടും നഷ്ടപ്പെടുത്തുകയില്ല. ( ഹൂദ് 112 – 115 )

അല്ലാഹുവിന്റെ ശത്രുപക്ഷത്ത് ചേർന്ന് നേരിയ മനഃചാഞ്ചല്യത്തിന് സമ്മതം മൂളുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു. രാപ്പകലുകളുടെ വ്യത്യസ്തഘട്ടങ്ങളിൽ വിശ്വാസി നമസ്കരിക്കാൻ കൽപിക്കപ്പെട്ടിട്ടുണ്ട്. നമസ്കാരത്തിന്റെ സഹായത്തോടെ ഉൾക്കരുത്ത് ആർജിക്കാൻ നമുക്ക് സാധിക്കുമെന്ന് വളരെ വ്യക്തമാണ്. അങ്ങനെ അതിന് സാധിച്ചിരുന്നില്ലെങ്കിൽ മനുഷ്യാസ്ഥിത്വത്തിന്റെ നിലനിൽപ്പ് ദുർബലമാവുകയും സ്വേഛാധിപതികൾക്ക് അവനെ ആകർഷിക്കാനുള്ള അവസരം ഉണ്ടാവുകയും ചെയ്യുമായിരുന്നു.

**6. ഉത്തമ സ്വഭാവ ഗുണങ്ങൾ**

ഒരു പ്രബോധകന്റെ വ്യക്തിത്വത്തിൽ അനിവാര്യമായി ഉണ്ടായിരിക്കേണ്ട മറ്റൊരു കാര്യമാണ് ഉത്തമ സ്വഭാവ ഗുണങ്ങൾ. മനുഷ്യ സ്വഭാവത്തിന് ഇസ്‌ലാം കുലീനതയും വിശുദ്ധിയും കൽപിക്കുന്നു. ഇസ്‌ലാമിന്റെ യഥാർഥ ചൈതന്യം ഒരാളുടെ ഹൃദയത്തിൽ സ്വാധീനം ചെലുത്തുന്നുവെങ്കിൽ അധമ സ്വഭാവത്തിൽ ഏർപ്പെടുക അയാൾക്ക് ഒരിക്കലും

സാധ്യമല്ല. ഉത്തമ സ്വഭാവ ഗുണങ്ങൾക്കുടമായായിരിക്കണം പ്രബോധകരെന്ന് ഇസ്‌ലാമിന് നിർബന്ധമുണ്ട്.

അല്ലാഹുവുമായി ഉറച്ച ബന്ധമുള്ളവരിൽ ഈ പ്രഖ്യാപനത്തിന്റെ തെളിവ് നമുക്ക് പ്രകടമായി കാണാം. വൃത്തികെട്ട സമൂഹത്തിൽ എല്ലാവരേയും വെല്ലുന്ന ഉജ്ജ്വല മാതൃകകളാണ് അവർ. സാധാരണ കാഴ്ചയിൽ, അവരുടെ ഉത്തമ സ്വഭാവ ഗുണങ്ങൾ ആർക്കും അനുഭവവേദ്യമാകുന്നതാണ്. അവരുടെ ജീവിതത്തിൽ ധാർമിക ഗുണമില്ല എന്ന് ആർക്കും പറയുക സാധ്യമല്ല. അധാർമികതയുടെയൊ ലജ്ജയില്ലായ്മയുടെയൊ പേരിൽ ആർക്കും അവരെ കുറ്റപ്പെടുത്താനും കഴിയില്ല. ഖുർആനാണ് അവരുടെ സ്വഭാവത്തിന്റെ ഏറ്റവും നല്ല പ്രതിരൂപം. അവർ സ്വയം തന്നെയും ഖുർആന്റെ മൂർത്തിമൽഭാവവുമാണ്.

പ്രബോധകന്റെ സ്വഭാവവും അവന്റെ ലക്ഷ്യവും നന്നായി കോർത്തിണക്കിയാൽ മാത്രമേ പ്രബോധന പ്രവർത്തനം അതിന്റെ മൂർധന്യത്തിൽ എത്തിയെന്ന് പറയാൻ കഴിയുകയുള്ളൂ. മനുഷ്യ സ്വഭാവത്തിൽ അസാമാന്യമായ ശക്തിവൈഭവം കുടികൊള്ളുന്നുണ്ട് എന്ന കാര്യം നിസ്സംശയമാണ്. ഒരാളുടെ ജീവിത വീക്ഷണത്തിലൂടെയല്ല മറ്റൊരാൾ ആകർഷിക്കപ്പെടുന്നത്.

ഒരാളുടെ സ്വഭാവത്തിലൂടെയാണ് അപരൻ ആകർഷിക്കപ്പെടുക. ഉന്നത സ്വഭാവ ഗുണങ്ങൾ വെച്ച് പുലർത്തുന്ന ഒരാൾ അയാളുടെ സന്ദേശത്തിന്റെ ജീവിക്കുന്ന മാതൃകയാണ്. മറുവശത്ത് ഉത്തമ സ്വഭാവ ഗുണങ്ങൾ ഇല്ലാത്ത ഒരാൾ അയാളുടെ സന്ദേശത്തോട് തന്നെ അനീതി കാണിക്കുകയാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കണം. ഈ വൈരുധ്യത്തെ ന്യായീകരിക്കാൻ മറ്റൊരു വിശദീകരണത്തിന്റെ ആവശ്യമില്ല.

പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒരാൾ തീർച്ചയായും ഉത്തമ സ്വഭാവ ഗുണങ്ങൾ ആർജിക്കേണ്ടതുണ്ട്. ജീവതത്തിന്റെ എല്ലാ മേഖലകളിലും, കച്ചവടത്തിലും, അധ്യാപക വൃത്തിയിലും ഉത്തമ സ്വഭാവത്തിലൂടെ സമൂഹത്തിൽ മതിപ്പുണ്ടാക്കണം. അദ്ദേഹവുമായി ആര് ബന്ധപ്പെട്ടാലും സ്വഭാവത്തിന്റെ സൗന്ദര്യം അംഗീകരിക്കേണ്ടിവരും. ഭാര്യ, സന്താനങ്ങൾ, ഉറ്റ സുഹൃത്തുക്കൾ, അയൽക്കാർ, സഹപ്രവർത്തകർ എല്ലാം അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ആകൃഷ്ടരാവും. അതിന് ശേഷം ജനങ്ങളുടെ മനസ്സ് അയാളുടെ പ്രബോധനത്തിനായി കാതോർത്ത് കൊണ്ടിരിക്കും.

**ഉത്തമ സ്വഭാവത്തിന് ദാഹിക്കുന്ന ജനത**

ആധുനിക ലോകത്തെ സുപ്രധാന പ്രശ്നങ്ങളിലൊന്നാണ് മനുഷ്യന്റെ ദു:സ്വഭാവം. ഇന്ന് പല ധാർമിക മൂല്യങ്ങളുടെയും വില നഷ്ടപ്പെട്ടി

www.islamonweb.net

രിക്കുകയാണ്. സ്വാർഥത അതിന്റെ ഉത്തുംഗതയിൽ എത്തിയിരിക്കുന്നു. സൽസ്വഭാവം, കാരുണ്യം, ഭക്തി തുടങ്ങിയ ഉന്നത ഗുണങ്ങളെ കുറിച്ച ചിന്തപോലും പ്രസക്തമല്ലാതായിരിക്കുന്നു. കുട്ടികൾക്ക് രക്ഷിതാക്കളുടെ സ്നേഹവും പരിരക്ഷയും ലഭിക്കുന്നില്ല. വാർധക്യം ബാധിച്ച രക്ഷിതാക്കളെ തങ്ങൾ വളർത്തിയ മക്കൾ പോലും അവഗണിക്കുന്ന കാലം. ഈ കാലത്ത് സ്വന്തം അയൽക്കാരുടെ ദുരിതങ്ങളെ കുറിച്ചും അവരുടെ പ്രയാസങ്ങളെ കുറിച്ചും ആരറിയാൻ?

ആത്മമിത്രങ്ങളിൽ പോലും മനുഷ്യർക്ക് വിശ്വാസം നഷ്ടപ്പെട്ട കാലമാണിത്. ചാരിത്ര്യം, മിതത്വം, സത്യം, ആത്മാർഥത, സത്യസന്ധത, സഹിഷ്ണുത, ക്ഷമ തുടങ്ങിയ എല്ലാ ഉന്നത ഗുണങ്ങളും ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യവർഗം വ്യത്യസ്ത വിഭാഗങ്ങളും വർഗങ്ങളുമായി വേർതിരിഞ്ഞിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇസ്‌ലാമിന്റെ സവിശേഷ സ്വഭാവ മൂല്യങ്ങൾ അതിന്റെ പൂർണ ശോഭയോടെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ, സംശയമില്ല മുഴുവൻ ലോകത്തെയും അതിലേക്ക് ആകർഷിക്കുക സാധ്യമേയല്ല.

ഇസ്‌ലാമിന്റെ പ്രബോധകർ ഉന്നത സ്വഭാവ ഗുണങ്ങളുള്ളവരാണെന്ന് ലോകം കാണുകയാണെങ്കിൽ, അവരുടെ സ്വഭാവം മറ്റുള്ളവരിൽനിന്ന് വ്യതിരിക്തമാണെങ്കിൽ, അവർ ഭക്തിയുള്ളവരും ദൈവഭയമുള്ളവരും അവരുടെ ഇടപാടുകൾ നീതി പാലിക്കുകയുമാണെങ്കിൽ, അവർ നിസ്വാർത്ഥതയുടെ പര്യായമാവുകയാണെങ്കിൽ, സ്വാർഥ ചിന്തയുടെ ഈ കാലഘട്ടത്തിൽ അവർ ത്യാഗം സഹിക്കാൻ തയാറാണെങ്കിൽ ഇസ്‌ലാമിന് ശോഭനമായ ഭാവി തീർച്ചയായും പ്രതീക്ഷിക്കാം.

ലജ്ജയെന്ന ഗുണം പോലും അപഹരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലത്ത്, അതെല്ലാം ലോകത്തിന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! സത്യസന്ധത മരിച്ച് കഴിഞ്ഞ ഇന്നത്തെ ലോകത്ത് അതിന്റെ സംരക്ഷകരെ കണ്ടിരുന്നെങ്കിൽ! കോഴ കൊടുക്കാതെ തന്നെ കാര്യങ്ങൾ ചെയ്തു തരുവാൻ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ! ഏതൊരാളുടെയും ന്യായമായ ആഗ്രഹങ്ങൾ മാത്രമാണിതൊക്കെ. ഭൗതികമായ പ്രതിഫലേഛയൊന്നുമില്ലാതെ മറ്റുള്ളവരുടെ ആവശ്യങ്ങൾ ഇസ്‌ലാമിന്റെ പ്രബോധകർ നിർവഹിക്കുന്നു എന്നതാണ് സത്യം.

സഹോദരന്മാർ പോലും പരസ്പരം ശത്രുതയിൽ കഴിയുമ്പോൾ ഇസ്‌ലാമിക പ്രബോധകർ അപരിചിതരെ പോലും ആലിംഗനം ചെയ്യുന്നു. മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ, അവകാശങ്ങൾക്കായി പോരാടുമ്പോൾ, ഇസ്‌ലാമിക പ്രബോധകർ അപരന്റെ അവകാശങ്ങൾ സ്വമേധയാ നൽകുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്വഭാവികമയും

ഒരു ചോദ്യമുയരുന്നു: ഈ വ്യക്തികൾ ആരാണ്? അവരുടെ ഉന്നത സ്വഭാവ ഗുണങ്ങളുടെയും ധാർമിക മൂല്യങ്ങളുടെയും സ്രോതസ്സ് ഏതാണ്? മനസ്സിൽ തറക്കുന്ന ഈ ചോദ്യങ്ങൾ ആർക്കും അവഗണിക്കുക അത്ര എളുപ്പമല്ല. സൂര്യോദയത്തിന് ശേഷം പ്രകാശത്തിന്റെ അസ്തിത്വത്തെ നിഷേധിക്കാൻ സാധിക്കാത്തത് പോലെയുള്ള ഒരു വിമ്മിഷ്ട്ടം ഇതിലടങ്ങിയിട്ടുണ്ട്.

അത്തരത്തിലുള്ള മഹത്തായ ഗുണങ്ങൾ രണ്ടോ മൂന്നൊ നാലോ വ്യക്തികളിൽ മാത്രം ഒതുങ്ങിയാൽ പോര. മുഴുവൻ സമൂഹത്തിലും അഥവാ ജമാഅത്തിലും അവരുടെ ജീവിതത്തിന്റെ നിഖില മേഖലകളിലും അതിന്റെ സ്വാധീനം പ്രകടമാവേണ്ടതുണ്ട്. അത്തരമൊരു സുദിനത്തിന്റെ പുലർച്ചക്കായി, ആ മഹത്തായ സ്വഭാവ ഗുണം ലോകത്തിന് മാതൃകയായി സമർപ്പിക്കുവാൻ സർവ്വ ശക്തൻ സഹായിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

കടപ്പാട്
islamonlive
www.islamonlive.in